# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നാരങ്ങാനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAD-PTA-p5/120/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയതി: 21/02/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നാരങ്ങാനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAD-PTA-p5/120/2023 തീയ്യതി: 21/02/2023

## പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2021 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 01-12-2022 | 13-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-12-2022 | 13-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

റ്റി.അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
സ്മിത റ്റി., സീനിയർ ഗ്രേഡ് ഓഡിറ്റർ
പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി മിനി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി രഞ്ജിമ റ്റി | സെക്രട്ടറി | 01-04-2021 | 14-12-2021 |
| ശ്രീ നിഷാദ് എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-12-2021 | 13-02-2022 |

| | | | |
|---|---|---|---|
| മുഹമ്മദ് | | | |
| ശ്രീമതി രഞ്ജിമ റ്റി | സെക്രട്ടറി | 14-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.ശ്രീകാർത്തിക തങ്കപ്പൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി ലക്ഷ്മി മോഹൻ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2021 | 12-10-2021 |
| ശ്രീമതി ജിൻസി ബാബു | ഐസിഡിഎസ് സൂപ്പർവൈസർ | 13-10-2021 | 31-03-2022 |
| ഡോ.ജി.ഷീബ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി ബിന്ദു | ഹെഡ്മിസ്ട്രസ് | 01-04-2021 | 30-11-2021 |
| ശ്രീമതി രജനി വർഗ്ഗീസ് | ഹെഡ്മിസ്ട്രസ് | 01-12-2021 | 31-03-2022 |
| ശ്രീമതി അനിതകുമാരി എം.സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. രാജേഷ് റ്റി ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി അനുമോൾ ആർ | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ.ജേക്കബ് കുരുവിള | മെഡിക്കൽ ഓഫീസർ, FHC | 01-04-2021 | 07-12-2021 |
| ഡോ.ജിഷ്ണു രാമചന്ദ്രൻ | മെഡിക്കൽ ഓഫീസർ, FHC | 08-12-2021 | 31-03-2022 |
| ശ്രീ ഗിഫ്റ്റി ജെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 16-07-2021 |
| ശ്രീ നിഷാദ് എസ് മുഹമ്മദ് | അസിസ്റ്റന്റ് സെക്രട്ടറി | 22-07-2021 | 31-03-2022 |
| ശ്രീ. ജലിം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് | 1-11 |
| 12 | ഘടനാപരമായ മാറ്റം വരുത്തുന്ന കെട്ടിടഭാഗങ്ങളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 1-12 |
| 13 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമല്ല | 1-13 |
| 14 | റേഷൻ റീട്ടെയിൽ ഷോപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല | 1-14 |
| 15 | വാടക ഈടാക്കാനവശേഷിക്കുന്നു | 1-15 |
| 16 | തനതു വരുമാനം പൂർണ്ണമായി പിരിച്ചെടുത്തിട്ടില്ല | 1-16 |
| 17 | നാരങ്ങാനം ഗ്രാമപഞ്ചായത്ത് ഡിസ്പെൻസറി - ഗുണപരമല്ലാത്ത നടത്തിപ്പ് - ലക്ഷങ്ങളുടെ പാഴ്ചെലവ് | 1-17 |
| 18 | പരേതരും പെൻഷൻ വാങ്ങുന്നു | 1-18 |
| 19 | പകൽ വീട് പദ്ധതി പാതി വഴിയിൽ | 1-19 |
| 20 | വൈദ്യുതീകരിക്കാത്ത പകൽവീടിന് വൈദ്യുതോപകരണങ്ങൾ വാങ്ങി | 1-20 |
| 21 | പൊതുടാപ്പുകളുടെ വെള്ളക്കരം; കുടിശ്ശിക പെരുകുന്നു | 1-21 |
| 22 | വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് ഫലക്ഷമത കുറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നു | 1-22 |
| 23 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നില്ല | 1-23 |
| 24 | കാലി ബാരൽ വില ഈടാക്കിയില്ല; 9879 രൂപയുടെ നഷ്ടം | 1-24 |
| 25 | അസി.എഞ്ചിനീയർ ഫയലുകളും, രേഖകളും യഥാവിധി സൂക്ഷിച്ചിട്ടില്ല | 1-25 |
| 26 | ഇ-ടെണ്ടർ ഫീസ് - അസിസ്റ്റന്റ് എഞ്ചിനീയർ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-26 |
| 27 | തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കാതെ തുക നൽകി | 1-27 |

| | | |
|---|---|---|
| 28 | മുഖം തിരിച്ച് പഞ്ചായത്തും, ജനങ്ങളും; ഹരിത കർമ്മ സേനയുടെ പ്രവർത്തനം മന്ദീഭവിച്ചു | 1-28 |
| 29 | സാമൂഹ്യസുരക്ഷാ പെൻഷൻ തുക തിരികെ ഒടുക്കിയത് തനത് ഫണ്ടിൽ | 1-29 |
| 30 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയില്ല | 1-30 |
| 31 | മുട്ടക്കോഴി വളർത്തൽ (വനിത)-സബ്സിഡി ആനുകൂല്യം കുറവ് | 1-31 |
| 32 | തെങ്ങുംതൈ വിതരണം- ഗുണഭോക്തൃവിഹിതം ചെലവഴിച്ചില്ല. | 1-32 |
| 33 | ലൈഫ് ഭവന പദ്ധതി (എസ്.സി.) - മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താവ് പണി പൂർത്തിയാക്കില്ല | 1-33 |
| 34 | ബാലസഭ പ്രവർത്തനം - ബാലൻസ് തുക തിരിച്ചടയ്ക്കണം | 1-34 |
| 35 | സർക്കാരിലേക്ക് ഒടുക്കാൻ അവശേഷിക്കുന്ന തുകകൾ | 1-35 |
| 36 | ചട്ടവിരുദ്ധമായി മരാമത്ത് പ്രവൃത്തിയുടെ ബിൽ തുക നൽകി | 1-36 |
| 37 | മുൻവർഷങ്ങളിൽ പിരിച്ച ഗുണഭോക്തൃവിഹിതം ചെലവഴിച്ചില്ല | 1-37 |
| 38 | ഒരേ ആവശ്യത്തിന് ഒന്നിലധികം പ്രോജക്ടുകൾ | 1-38 |
| 39 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമല്ല | 1-39 |
| 40 | അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ വീഴ്ച | 1-40 |
| 41 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-41 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കാലി ബാരൽ വില ഈടാക്കിയില്ല; 9879 രൂപയുടെ നഷ്ടം | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | ഓഡിറ്റ് റിപ്പോർട്ടുകളിലെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ്, 20.02.2021 തീയതിയിലെ I(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റിന് 30.03.2022 ൽ III(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 30.07.2022 |

വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ ബി-3 –Capital Contribution – മുൻവർഷത്തെ തുക തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആർജ്ജിച്ച ആസ്തികൾക്ക് തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

2. ഷെഡ്യൂൾ ബി-4- Contributions For Joint Venture Projects- സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്തിൽനിന്നും ജില്ലാപ്പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയുടെ നീക്കിയിരിപ്പ് തുകയും (1857190) ട്രഷറി സ്പെഷ്യൽ ടി.എസ്.ബി- ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പും (1000000) പൊരുത്തപ്പെടുന്നില്ല.

3. ഷെഡ്യൂൾ ബി-4- ശുചിത്വമിഷൻ ഗ്രാന്റ്, സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച വിഹിതം എന്നിവയുടെ വിശദവിവരം ACRൽ ഇല്ലാത്തതിനാൽ ഈയിനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

4. ഷെഡ്യൂൾ ബി-4-ഗുണഭോക്തൃവിഹിതം ഇനത്തിൽ 2019-20 മുതലുള്ള തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു.

5. ഷെഡ്യൂൾ ബി-18-കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, പി.ഡബ്ല്യ.ഡി എന്നിവിടങ്ങളിൽ നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

6. ഷെഡ്യൂൾ ആർ.പി.45-ഔട്ട് ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ടിൽ 240011 രൂപ ഉണ്ട്. ഇതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

7. MGNREGS – വരവ് ചെലവ് കണക്കുകൾ ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13512122 |
| വരവ് | 60245568 |
| ആകെ | 73757690 |
| ചെലവ് | 61230485 |
| നീക്കിയിരിപ്പ് | 12527205 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത് ) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12028375 | 12028375 | 10830550 | 1197825 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 5135710 | 5135710 | 4523704 | 612006 |
| വികസന ഫണ്ട്-റ്റി.എസ്.പി | 0 | 159100 | 159100 | 127000 | 32100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 5510088 | 5510088 | 1884242 | 3625846 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 0 | 2023000 | 2023000 | 1654013 | 368987 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 9577687 | 9577687 | 8918113 | 659574 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | 0 | 5006792 | 5006792 | 4135012 | 871780 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ആർദ്രം മിഷൻ ഗ്രാന്റ് | 300000 | 0 | 300000 | 0 | 300000 |
| സാക്ഷരത | 2985 | 165 | 3150 | 0 | 3150 |
| കില | 9162 | 0 | 9162 | 9162 | 0 |
| പശ്ചിമഘട്ട വികസന പദ്ധതി | 7369 | 0 | 7369 | 0 | 7369 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 0 | 13181417 | 13181417 | 13181231 | 186 |
| ഐ.സി.ഡി.എസ്. | 1234805 | 2143118 | 3377923 | 1617213 | 1760710 |
| നിർമ്മൽ പുരസ്കാരം | 388218 | 0 | 388218 | 0 | 388218 |

ഗ്രാന്റ് വിനിയോഗ പത്രിക യിലെ അപാകതകൾ

ലൈഫ് മിഷൻ വായ്പ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത ഉക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം | കുറവു ചെയ്ത തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 586667 |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം | 832200 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 117333 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 236 | 57795321 | 197 | 42839521 | 39 | 83.47 |

വികസനഫണ്ട് (ജനറൽ) ഇനത്തിൽ 90 ശതമാനം തുകയും റ്റി എസ്.പി.ഫണ്ട് 80 ശതമാനവും ചെലവഴിച്ചിട്ടുണ്ട്. എസ്.സി.പി ഫണ്ട് 88.08 ശതമാനമാണ് ചെലവ്. ഉല്പാദന മേഖലയിലെയും സേവന മേഖലയിലെയും ഒട്ടുമിക്ക പ്രോജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവച്ച് ചെറിയ പ്രോജക്ടുകൾ ആവിഷ്കരിച്ചതിനാൽ പ്രോജക്ടുകളുടെ ഫലക്ഷമത കുറഞ്ഞിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 0 | 13181417 | 13181417 | 13181231 | 186 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപ്പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3356400 | 204 |
| വിധവാപെൻഷൻ | 8534900 | 553 |
| വാർദ്ധക്യകാലപെൻഷൻ | 24488600 | 1667 |
| വികലാംഗപെൻഷൻ | 3884000 | 257 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 224000 | 13 |
| തൊഴിൽരഹിത വേതനം | 35520 | 21 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.2022ന് 11.10 AMന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 376രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. ആഭ്യന്തര നിയന്ത്രണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ പ്രത്യേക ശ്രദ്ധയും ഇടപെടലും ഉണ്ടാകേണ്ടതാണ്.

- മരണപ്പെടുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും യഥാസമയം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ടവർ ജാഗ്രത പുലർത്തേണ്ടതാണ്.
- ക്ഷേമപെൻഷൻ അനുവദിച്ചത്/നിരസിച്ചത് സംബന്ധിച്ച അറിയിപ്പ് കമ്മിറ്റി തീരുമാനം എടുത്ത് 2 ദിവസത്തിനകം നൽകേണ്ടതാണ്.
- പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങേണ്ടതും, പുതുതായി അനുവദിക്കുന്ന അപേക്ഷകൾ ഗ്രാമസഭയിൽ അംഗീകരിക്കേണ്ടതുമാണ്.
- ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുകയും, ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.
- തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക് സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്. ഇലക്ട്രിക്കൽ സാധനങ്ങൾക്ക് സ്റ്റോക്ക്-ഇൻ-രജിസ്റ്ററും (അൺസർവ്വീസബിൾ മെറ്റീരിയത്സിന്), സ്റ്റോക്ക് ഔട്ട് രജിസ്റ്ററും സൂക്ഷിക്കേണ്ടതും, ഇവ തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതുമാണ്.
- സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- പൊതു ടാപ്പുകളുടെ വെള്ളക്കരം മുടക്കം കൂടാതെ ഒടുക്കുവരുത്തേണ്ടതും, ഈ ഇനത്തിൽ കുടിശിക വരുത്താൻ പാടില്ലാത്തതുമാണ്. സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി, ഈ ഇനത്തിലുള്ള പാഴ്ചെലവ് ഒഴിവാക്കേണ്ടതാണ്.
- അനധികൃത കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകുന്ന അവസരത്തിൽ പ്രത്യേക രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.
- വിവരാവകാശ നിയമപ്രകാരം പരിപാലിക്കപ്പെടുന്ന രജിസ്റ്റർ Circular No.427990/Cdn5/2016/GAD, Dtd. 20.05.2016 പ്രകാരമായിരിക്കേണ്ടതാണ്.
- സേവനാവകാശ നിയമ രജിസ്റ്റർ 27.10.2012-ലെ ജ.ഉ.(പി)56/2012/പി.&എ.ആർ.ഡി. നമ്പർ ഉത്തരവിലെ അനുബന്ധമായി നൽകിയിട്ടുള്ള മാതൃകയിൽ തയ്യാറാക്കി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
- പരാതി രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതും, എല്ലാ വിവരങ്ങളും യഥാവിധി പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപേക്ഷകന് യഥാസമയം മറുപടി നൽകേണ്ടതുമാണ്.
- ആസ്തി രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിച്ച് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

- സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും (പരാതികക്ഷികൾ, ഏതിർ കക്ഷികൾ, കേസിന്റെ സംക്ഷിപ്തം, ഹാജരാകുന്ന വക്കീൽ, കേസിന്റെ പുരോഗതി/നിലവിലെ അവസ്ഥ) എന്നിവ ചേർത്ത് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.
- ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ആഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്.
- ആഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ ആവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.06.2022 | 01/2022 മുതൽ 03/2022 വരെ | 13.07.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.01.2018 | 2012-13 മുതൽ 2016-17 വരെ | 20.03.2018 |

## 1-11 വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

100ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ 100ച.മീറ്ററിൽ കുറവുള്ള കെട്ടിടഭാഗങ്ങളായി തിരിച്ച്, അവയ്ക്ക് ബാധകമായ നിരക്കിൽ (₹50/m2) നികുതി നിർണ്ണയിച്ചതിനാൽ പഞ്ചായത്തിനു ലഭിക്കേണ്ട നികുതിയിൽ കുറവുണ്ടായിട്ടുള്ളതായി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ/ മേഖല | ആകെ തറ വിസ്തീർണ്ണം (ച.മീ) | റിമാർക്ക് |
|---|---|---|---|---|
| 1 | യൂനസ് സാഹിബ് & റജീന യൂനസ് | V/350 D, E, F, G പ്രഥമം | 25.06X4= 100.24 | |

(100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യ കെട്ടിടങ്ങളുടെ വസ്തുനികുതി ച.മീറ്ററിന് 50 രൂപയും 100ച.മീറ്ററിനു മുകളിലുള്ളവയ്ക്ക് 70രൂപയുമായി നിശ്ചയിച്ച് പഞ്ചായത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.)

ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണെന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പ് പറയുന്നു. മേൽപ്പറഞ്ഞ കെട്ടിടം മൊത്തത്തിൽ ഒരേ ഉപയോഗക്രമമായതിനാൽ ച.മീറ്ററിന് 70രൂപ നിരക്കിലായിരുന്നു നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. നികുതി നിർണ്ണയിച്ചതിൽ 2646 രൂപയുടെ കുറവുണ്ടായിട്ടുണ്ട്. [(100.24x20)+20% വർദ്ധനവ് +5% ലൈബ്രറി സെസ്സ് +5% സേവന ഉപനികുതി]. ഈ വിഷയം ചൂണ്ടിക്കാട്ടി സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (7/02.12.2022) നൽകി. അപാകത പരിഹരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. നികുതി പുനർനിർണ്ണയിച്ച് ഈടാക്കി, വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-12 ഘടനാപരമായ മാറ്റം വരുത്തുന്ന കെട്ടിടഭാഗങ്ങളുടെ വസ്തുനികുതി ഈടാക്കുന്നില്ല

വസ്തുനികുതി നിർണ്ണയത്തിനു ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുന്ന സംഗതിയിൽ നികുതി നിർണ്ണയ അധികാരി സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച് 2011ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17ൽ പ്രതിപാദിച്ചിട്ടുണ്ട്.

1. നികുതി നിർണ്ണയത്തിനു ശേഷം മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വിവരം കെട്ടിട ഉടമകൾ പഞ്ചായത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ് (ചട്ടം17.1)

2. ഇപ്രകാരം നികുതി നിർണ്ണയത്തിനു ശേഷം മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വിവരം കെട്ടിട ഉടമകൾ പഞ്ചായത്തിൽ രേഖാമൂലം അറിയിക്കാത്ത സാഹചര്യത്തിൽ, പഞ്ചായത്ത് നേരിട്ട് പരിശോധന നടത്തി, വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ? വിവരം രേഖാമൂലം ലഭ്യമാക്കാത്ത കെട്ടിട ഉടമകളിൽനിന്നും നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ് (ചട്ടം17.2)

3. കെട്ടിട ഉടമ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കാതിരിക്കുന്ന സാഹചര്യത്തിൽ സെക്രട്ടറി, കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതാണ് (ചട്ടം17.4)

ഒരിക്കൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഘടനാപരമായി മാറ്റം വരുത്തുന്നപക്ഷം അവയുടെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. നിലവിലുള്ള കെട്ടിടത്തോടൊപ്പം കൂടുതൽ മുറികൾ കൂട്ടിച്ചേർക്കൽ, കെട്ടിടങ്ങളുടെ മുകളിൽ അധികം നിലകൾ പണിയൽ, മേൽക്കൂര മാറ്റൽ, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നികുതി നിർണ്ണയിച്ചതിനുശേഷം സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് സിസ്റ്റം സ്ഥാപിക്കൽ എന്നിവയെല്ലാം പരിശോധിച്ച് അതിനനുസൃതമായി നികുതി പുനർ നിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 തൊഴിൽനികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി പിരിവ് കാര്യക്ഷമമല്ല. തൊഴിൽനികുതി രജിസ്റ്ററും അർദ്ധവർഷ റിട്ടേണുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I. സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഒരു അർദ്ധവർഷത്തിൽ അറുപതു ദിവസത്തിൽ കുറയാത്ത കാലയളവിൽ പഞ്ചായത്ത് പ്രദേശത്ത് ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരിൽനിന്ന് തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് നിഷ്കർഷിക്കുന്നു.

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ നിരവധി സ്ഥാപനങ്ങളിൽ ജീവനക്കാർ ദിവസ/മാസ ശമ്പളത്തിന് ജോലിയിലേർപ്പെട്ടിരിക്കുന്നതായി, 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് അപേക്ഷകളിൽ സ്ഥാപന ഉടമകൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജീവനക്കാരിൽനിന്ന് നിയമാനുസൃതമായി ഈടാക്കേണ്ട തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | അക്ക എഞ്ചിനീയറിംഗ് വർക്സ് | 2 |
| 2 | ഗുരുപൂജ വെൽഡിംഗ് വർക്ക് ഷോപ്പ് | 3 |
| 3 | മഡോണ കേറ്ററിംഗ് | 3 |
| 4 | ചൈതന്യ തയ്യൽ യൂണിറ്റ് | 5 |
| 5 | ശ്രീകാന്ത് ഇൻഡസ്ട്രീസ് | 2 |
| 6 | ഷാജീസ് ഇൻഡസ്ട്രീസ് | 4 |
| 7 | തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ് | 10 |
| 8 | ക്ഷീരസംഘം, കടമ്മനിട്ട | 2 |
| 9 | നന്ദനം ജനറൽ സ്റ്റോഴ്സ് | 2 |
| 10 | Safe And Care Enginnering | 2 |
| 11 | തടത്തിൽ വുഡ് ഇൻഡസ്ട്രീസ് | 2 |
| 12 | വിപി ട്രേഡേഴ്സ് | 3 |
| 13 | അബൂസ് ഡിജിറ്റൽ സ്റ്റുഡിയോ | 2 |
| 14 | കാട്ടുങ്കൽ ഓട്ടോ വർക്ക് ഷോപ്പ് | 2 |
| 15 | സാവ്റി ഫുഡ് ആൻഡ് സ്പൈസസ് | 3 |
| 16 | SCB നാരങ്ങാനം വളംഡിപ്പോ, പെരിഞ്ഞോലിപ്പടി | 3 |
| 17 | SCB നാരങ്ങാനം വളംഡിപ്പോ, നാരങ്ങാനം | 2 |
| 18 | ACA കോ ഓപ്പറേറ്റീവ് സ്റ്റോർ | 12 |
| 19 | കെ ആൻഡ് കെ ഫ്യുവൽസ് | 5 |
| 20 | വല്യതറയിൽ ഏജൻസീസ് | 3 |
| 21 | ക്യൂ മേറ്റ് പ്രോഡക്ട്സ് - ചപ്പാത്തി നിർമ്മാണം | 3 |
| 22 | മൾബറി കാറ്ററിംഗ് | 2 |
| 23 | സെന്റ് മേരീസ് സോളിഡ് ഹോളോ ബ്ലോക്ക് | 4 |
| 24 | കാലായിൽ റിജ ഫർണിച്ചർ | 2 |

| | | |
|---|---|---|
| 25 | ഫ്രഷ് കേറ്ററിംഗ് | 3 |
| 26 | Delhivery Private Ltd | 4 |
| 27 | ആവേ മറിയ കാൻഡിൽസ് | 2 |
| 28 | ഗ്യാലക്സി ഓട്ടോമൊബൈൽ സ്പെയർ പാർട്ട്സ് | 3 |
| 29 | മറിയം സൂപ്പർമാർക്കറ്റ് | 2 |
| 30 | De Metals | 4 |
| 31 | അനന്ത ഹോളോ ബ്രിക്സ് | 5 |
| 32 | Microlab Laborataries | 3 |
| 33 | മേലേതറയിൽ ഫെൻസിംഗ് | 3 |
| 34 | ഷിജു ഫുഡ്സ് | 2 |
| 35 | ഗ്രേസ് കാറ്ററിംഗ് | 8 |

ജീവനക്കാരെ ജോലിക്ക് നിയോഗിച്ചിരിക്കുന്ന, മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്കുപുറമേ, ഒരു ജീവനക്കാരൻ / ജീവനക്കാരി മാത്രം തൊഴിലെടുക്കുന്ന 79 സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്നു. ജീവനക്കാരെ ജോലിക്ക് നിയോഗിച്ചിരിക്കുന്ന സ്ഥാപനങ്ങളുടെ പേരുവിവരം പഞ്ചായത്തിലെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്ററിൽ ഇല്ല. തൊഴിൽനികുതി ഈടാക്കാതിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നതിനായി സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (10/04.12.2022)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

നിയമാനുസൃതം തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ പേരിൽനിന്നും നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്. ഈ വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>Ii മരാമത്ത് പ്രവൃത്തി നടത്തിയ കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയില്ല</u>

2021-22സാമ്പത്തികവർഷം ഗ്രാമപ്പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ, താഴെപ്പറയുന്ന കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയില്ല.

1. രാജേഷ് കുമാർ ആർ
2. അജിമോൻ കെ
3. കെ.കെ. വിജയൻ
4. ഫിലിപ്പ് കെ.ജെ.
5. ഹരിഹരൻ എം
6. ജോസഫ് ഫിലിപ്പ്
7. പി.എ..ഫിലിപ്പ്
8. മജോ ജോസഫ്
9. അബ്ദുൾ വഹാബ്
10. ബാലചന്ദ്രൻ നായർ എം.വി.
11. ജോബിറ്റ് ജോയ്
12. ജിബി എം മാത്യു
13. എബ്രഹാം തോമസ്
14. വിജയൻ കാവുങ്കൽ

ഇവരിൽ, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരിൽനിന്ന് നികുതി ഡിമാൻഡ് ചെയ്തിട്ടുണ്ടോ എന്ന് 06.12.2022ൽ 13-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന സെക്രട്ടറിയോട് ആരാഞ്ഞെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽപ്പറഞ്ഞ കരാറുകാർ മറ്റ് ഏതെങ്കിലും തദ്ദേശ സ്ഥാപനത്തിൽ നികുതി ഒടുക്കിയിട്ടുണ്ടോ എന്നു പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും, നികുതി ഒടുക്കാത്തപക്ഷം അവരിൽനിന്ന് നിയമാനുസൃത തൊഴിൽനികുതി ഈടാക്കേണ്ടതുമാണ്.

## 1-14 റേഷൻ റീട്ടെയിൽ ഷോപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല

സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര വകുപ്പ് പ്രസിദ്ധീകരിച്ച ജില്ലാതല റിപ്പോർട്ടു പ്രകാരം തണ്ണിത്തോട്

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ 13 റേഷൻ റീട്ടെയിൽ ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന്റെ 1-ാം പട്ടികയിലെ ക്രമ നം.149 പ്രകാരം റേഷൻ റീട്ടെയിൽ ഡിപ്പോകളും ക്രമ നം.150 പ്രകാരം മണ്ണെണ്ണ വില്പന ശാലകളും ഗ്രാമപ്പഞ്ചായത്തിൽനിന്ന് ലൈസൻസ് എടുക്കേണ്ടതാണ്.

2021-22 സാമ്പത്തികവർഷത്തെ ലൈസൻസ് വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ മൂന്ന് റേഷൻ റീട്ടെയിൽ ഷോപ്പുകൾ മാത്രം ലൈസൻസ് എടുത്തിട്ടുള്ളതായി കണ്ടു. മറ്റ് സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ചിട്ടുള്ളത്. ഏഴ് റീട്ടെയിൽ ഷോപ്പുകൾ ലൈസൻസ് എടുക്കാതിരുന്നതിന്റെ കാരണം ലഭ്യമാക്കുന്നതിനായി സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (9/05.12.2022) നൽകി. പത്ത് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതായും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചതായും സെക്രട്ടറി മറുപടി ലഭ്യമാക്കി.

എല്ലാ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനും, കൂടാതെ, പ്രസ്തുത സ്ഥാപന ഉടമകളുടെയും അവയിലെ ജീവനക്കാരുടെയും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 വാടക ഈടാക്കാനവശേഷിക്കുന്നു

ഗ്രാമപ്പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 3-ാം നമ്പർ കടമുറിയിൽ വ്യാപാരം നടത്തിയ ശ്രീ വർഗ്ഗീസ് തോമസ്, വാടക പൂർണ്ണമായും ഒടുക്കിയിട്ടില്ല. 2022മാർച്ച് മാസത്തെ വാടകയായ 2272 രൂപയാണ് ഒടുക്കാനവശേഷിക്കുന്നത്. നിലവിൽ പ്രസ്തുത കടമുറി മറ്റൊരു വ്യക്തിക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാടകക്കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 തനതു വരുമാനം പൂർണ്ണമായി പിരിച്ചെടുത്തിട്ടില്ല

ഗ്രാമപ്പഞ്ചായത്തിലെ പ്രധാന തനതു വരുമാന മാർഗ്ഗമായ വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. നികുതി പിരിവിൽ നേരിയ പുരോഗതിയുണ്ടെങ്കിലും കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. 2018-19 മുതലുള്ള നികുതികൾ, ഫീസ് എന്നിവയുടെ പിരിവ് ഇപ്രകാരമാണ്.

| ഇനം | വർഷം | | | |
|---|---|---|---|---|
| | 2018-19 | 2019-20 | 2020-21 | 2021-22 |
| വസ്തുനികുതി | 2725620 | 2683945 | 2346808 | 3020879 |
| തൊഴിൽനികുതി | 928140 | 965290 | 919550 | 946210 |
| ലൈസൻസ് ഫീസ് | 49500 | 69300 | 98100 | 75300 |

വസ്തുനികുതിയിനത്തിലുള്ള കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുടിശ്ശിക |
|---|---|
| 2020-21 | 1075755 |
| 2021-22 | 1443820 |

വസ്തുനികുതിയുടെ 10% തുക സേവന ഉപനികുതിയിനത്തിൽ ഈടാക്കാവുന്നതാണെങ്കിലും അഞ്ച് ശതമാനം മാത്രമാണ് നിലവിൽ ഈടാക്കിവരുന്നത്. ഇത് പുനഃപരിശോധിക്കാവുന്നതാണ്. പുതുക്കിയ ലൈസൻസ് ചട്ടങ്ങൾ നടപ്പിലാക്കിയതിനുശേഷം ലൈസൻസ് ഫീസ് പിരിവിൽ കുറവുണ്ടായി. സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഉൾപ്പെടെയുള്ള വരുമാന സ്രോതസ്സുകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തിയിട്ടില്ല. വസ്തുനികുതി കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-17 നാരങ്ങാനം ഗ്രാമപഞ്ചായത്ത് ഡിസ്പെൻസറി - ഗുണപരമല്ലാത്ത നടത്തിപ്പ് - ലക്ഷ്യങ്ങളുടെ പാഴ്ചെലവ്

സ്വന്തമായി അലോപ്പതി ഡിസ്പെൻസറി നടത്തുന്ന കേരളത്തിലെ അപൂർവ്വം ഗ്രാമപഞ്ചായത്തുകളിലൊന്നാണ് നാരങ്ങാനം. ഉദ്ദേശം 40 വർഷങ്ങൾക്കുമേലായി ഈ ഡിസ്പൻസറി പഞ്ചായത്തിന്റെ പൂർണ്ണ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നതായി അറിയുന്നു.

ഡിസ്പൻസറിയിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നത് സംസ്ഥാന ആരോഗ്യ വകുപ്പാണ്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള ഡോക്ടറെ കൂടാതെ ഒരു ഫാർമസിസ്റ്റിന്റെയും, ഒരു നഴ്സിന്റെയും, ഒരു പാർട്ട് ടൈം സ്കാവഞ്ചറുടെയും തസ്തികകളാണ് ഡിസ്പൻസറിയിൽ ഉള്ളത്. ഡോക്ടർ ഒഴികെയുള്ള മറ്റ് ജീവനക്കാർക്ക് പഞ്ചായത്ത്

ഫണ്ടിൽനിന്നാണ് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത്. ആരോഗ്യവകുപ്പാണ് ഡോക്ടറുടെ ശമ്പളം നൽകുന്നത്. ഡിസ്പൻസറിയിലെ തസ്തികകൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തിക | ശമ്പള സ്കെയിൽ | അടിസ്ഥാന ശമ്പളം | അലവൻസുകൾ ഉൾപ്പെടെ മൊത്ത ശമ്പളം |
|---|---|---|---|---|
| 1 | അസി.സർജൻ | 63700-123700 | 81000 | 94860 |
| 2 | ഫാർമസിസ്റ്റ് ഗ്രേ.II | 31100-66800 | 31100 | 34521 |
| 3 | ഓക്സിലറി നഴ്സ്-കം-മിഡ്‌വൈഫ് | 27900-63700 | 29500 | 32745 |
| 4 | പാർട്ട് ടൈം സ്വീപ്പർ | 13000-21080 | 15310 | 16994 |

ജീവനക്കാരുടെ ശമ്പളം, മരുന്ന്, മറ്റ് കണ്ടിജന്റ് ചെലവുകൾ എന്നിവ ഉൾപ്പടെ പ്രതിവർഷം കാൽ കോടിയോളം രൂപ ഡിസ്പൻസറിയുടെ നടത്തിപ്പിനായി പൊതു ഖജനാവിൽനിന്നും ചെലവഴിക്കുന്നുണ്ട്. എന്നാൽ ചെലവിന് ആനുപാതികമായ സേവനം ഈ സ്ഥാപനത്തിൽനിന്നും പൊതു ജനങ്ങൾക്ക് ലഭിക്കുന്നില്ലെന്ന ഖേദകരമായ സ്ഥിതിയാണ് നിലനിൽക്കുന്നത്.



മഹാത്മാഗാന്ധി സ്മാരക പഞ്ചായത്ത് ഡിസ്പൻസറി

ആരോഗ്യ വകുപ്പിൽനിന്നും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റുന്ന ഡോക്ടർ ആഴ്ചയിൽ ആറ് ദിവസം തന്റെ സേവനം ഡിസ്പൻസറിയിൽ ലഭ്യമാക്കുന്നതിന് ബാദ്ധ്യസ്ഥനാണ്. എന്നാൽ ആഴ്ചയിൽ ഒരു ദിവസം മാത്രമാണ് ഡോക്ടറുടെ സേവനം ഡിസ്പൻസറിയിൽ ലഭ്യമാകുന്നത് എന്നാണ് പ്രാദേശികമായ അന്വേഷണത്തിൽ ലഭ്യമായ വിവരം. ഇപ്രകാരമാണെങ്കിൽ മാസം 4-5 ദിവസം മാത്രം സേവനം നൽകുന്നതിനാണ് ആരോഗ്യവകുപ്പിലെ ഒരു അസിസ്റ്റന്റ് സർജന് അർഹമായ നിരക്കിൽ പ്രതിമാസം ഉദ്ദേശ്യം 95000 രൂപ ഡോക്ടർ വേതനം കൈപ്പറ്റുന്നത്. ആരോഗ്യവകുപ്പിലെ മാനദണ്ഡങ്ങളും, വ്യവസ്ഥകളും ലംഘിച്ച് പ്രവർത്തിക്കുന്ന സാഹചര്യം നിലനിന്നിട്ടും ഇക്കാര്യത്തിൽ യാതൊരു നടപടികളും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പതിറ്റാണ്ടുകളായി ഈ സ്ഥിതി തുടർന്നു വരുന്നതായാണ് ഓഡിറ്റിന് ലഭ്യമായ വിവരം. പൊതുമേഖലയിൽ മറ്റ് ചികിത്സാ സൗകര്യങ്ങൾ ലഭ്യമാകയാൽ പൊതുജനങ്ങളിൽനിന്ന് വലിയ രീതിയിലുള്ള പരാതികൾ ഉയർന്നുവന്നിട്ടില്ലായെന്നും മനസ്സിലാക്കുന്നു.

ഡിസ്പൻസറിയുടെ അടിസ്ഥാന സൗകര്യങ്ങളും പരിതാപകരമാണ്. പഞ്ചായത്തിലെ 12-ാം വാർഡിൽ മഹാണിമല കുരീക്കാട്ട്പടി എന്ന സ്ഥലത്ത് ഒരു സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള രണ്ട് കടമുറികളിലായാണ് ഡിസ്പൻസറി പ്രവർത്തിക്കുന്നത്. ഇതിൽ നിന്ന് തിരിയാൻ ഇടമില്ല. ആവശ്യത്തിന് ഫർണിച്ചർ ഇല്ല. വളരെ പഴക്കം ചെന്ന ഒരു മേശയും, പ്ലാസ്റ്റിക് കസേരയുമാണ് ഡോക്ടറുടെ കൺസൾട്ടിംഗ് റൂമിലുള്ള ഫർണിച്ചർ. എക്സാമിനേഷൻ ടേബിളിനു പകരം പ്ലാസ്റ്റിക് പൊട്ടിയ ഒരു പഴക്കംചെന്ന കട്ടിലാണുള്ളത്. ഡോക്ടറുടെ മേശമേൽ മേശവിരിപ്പിനുപകരം ന്യൂസ് പേപ്പർ വിരിച്ചിരിക്കുന്നു. പഴയ തടി അലമാരകളിൽ സുരക്ഷിതമല്ലാതെയാണ് മരുന്നുകൾ സൂക്ഷിക്കുന്നത്. രോഗികൾക്ക് വിശ്രമിക്കുന്നതിനോ, ഇരിക്കുന്നതിനോ പോലും സൗകര്യം ഇല്ല.



ഫാർമസി-കം-ഓഫീസ് റൂം



കൺസൾട്ടിംഗ് റൂം

ഡിസ്പൻസറി നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കുന്നതിന് പഞ്ചായത്ത് രാജ് ചട്ട പ്രകാരം നിർബന്ധമായും രൂപീകരിക്കേണ്ടിയിരുന്ന ഹോസ്പിറ്റൽ മാനേജ് കമ്മിറ്റിയും നാളിതുവരെ രൂപീകരിച്ചിട്ടില്ല. ഡിസ്പൻസറിയ്ക്ക് വേണ്ടവിധം ഒരു ബോർഡ് പോലും സ്ഥാപിച്ചിട്ടില്ല. ഡിസ്പൻസറി ആരംഭിച്ച് നാല്പത് വർഷം പിന്നിട്ടിട്ടും സ്ഥാപനത്തിന് സ്വന്തമായി കെട്ടിടമോ മറ്റ് അടിസ്ഥാന സൗകര്യങ്ങളോ ഒരുക്കുന്നതിൽ പഞ്ചായത്ത് ശ്രദ്ധിച്ചില്ലെന്നത് ഖേദകരമാണ്.

ഒരു വർഷം പരിമിതമായ ദിവസങ്ങളിൽ മാത്രം ജനങ്ങൾക്ക് ചികിത്സാസേവനം ലഭ്യമാക്കുന്ന ഒരു സ്ഥാപനത്തിന്റെ നടത്തിപ്പിനുവേണ്ടി പൊതുഖജനാവിൽനിന്നും കാൽ കോടി രൂപ ചെലവഴിക്കുന്നത് ന്യായീകരിക്കാവുന്നതല്ല. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു. ആഴ്ചയിൽ ആറ് ദിവസവും ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ ഇടപെടൽ പഞ്ചായത്ത് ഭരണ സമിതി നടത്തേണ്ടതാണ്. കൂടാതെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഡിസ്പൻസറി രോഗി സൗഹൃദമാക്കുന്നതിനും, ഗുണമേന്മയുള്ള സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും മുന്തിയ പരിഗണന പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166(1) വകുപ്പ് പ്രകാരമുള്ള മൂന്നാം പട്ടിക പ്രകാരം എല്ലാ ചികിത്സാ സമ്പ്രദായങ്ങളിലെയും ഡിസ്പെൻസറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും നടത്തുന്നതിനുള്ള മേഖലാടിസ്ഥാനത്തിലുള്ള ചുമതല ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതിനാൽ പ്രൈമറി ഹെൽത്ത് സെന്ററുകളും മറ്റ് സർക്കാർ ആരോഗ്യകേന്ദ്രങ്ങളും ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. സർക്കാരിന്റെ നിയന്ത്രണാധികാരത്തിന് വിധേയമായിട്ടാണെങ്കിലും ഇത്തരം ആരോഗ്യ കേന്ദ്രങ്ങളുടെ ഗുണപരമായ നടത്തിപ്പിൽ ഗ്രാമപഞ്ചായത്തിന് ഫലപ്രദമായി ഇടപെടുന്നതിനും ജനങ്ങൾക്ക് മതിയായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്. ചികിത്സാസൗകര്യങ്ങളിൽ ഇത്രയേറെ വർദ്ധനയുണ്ടായിട്ടുള്ള സാഹചര്യത്തിൽ മേൽ വിവരിച്ച പ്രകാരം ഒരു ഡിസ്പൻസറി ഒട്ടും ഗുണപരമല്ലാതെ പ്രവർത്തിപ്പിക്കേണ്ടതുണ്ടോയെന്നും, ഇതിനായി നിലവിൽ ചെലവഴിച്ചുവരുന്ന തുക ഇതേ മേഖലയിൽതന്നെ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുമോയെന്നും ജീവനക്കാരെ പുനർവിന്യസിക്കാൻ കഴിയുമോയെന്നും പഞ്ചായത്ത് ഭരണസമിതി വിലയിരുത്തേണ്ടതുണ്ട്. അടിയന്തിര നടപടികൾക്കും ഇടപെടലിനുമായി വിഷയം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 പരേതരും പെൻഷൻ വാങ്ങുന്നു

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകളും, ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ രേഖകളും പരിശോധിച്ചതിൽനിന്നും ഈ കാലയളവിൽ മരണപ്പെട്ടുപോയ 36 പേർ നിലവിലും സേവന പെൻഷൻ ഡാറ്റാ ബേസിൽ ആക്ടീവ് പെൻഷണേഴ്സ് ആയി തുടരുന്നതായി വ്യക്തമായി. പെൻഷൻ ലഭിക്കുന്ന ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യപ്പെട്ടതിനാലും, പെൻഷണർ മരണപ്പെട്ടതായി പെൻഷൻ വിതരണം ചെയ്യുന്ന സഹരണ ബാങ്ക് DBT-യിൽ രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ചില ഗുണഭോക്താക്കളുടെ പെൻഷൻ തടഞ്ഞുവെച്ചിട്ടുണ്ട്. എന്നാൽ മറ്റ് ചില ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് അവരുടെ മരണശേഷവും പെൻഷൻ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ഇപ്രകാരം ക്രഡിറ്റ് ചെയ്ത തുക മരണപ്പെട്ട പെൻഷണർമാരുടെ ബന്ധുകൾ അക്കൗണ്ടിൽനിന്നും പിൻവലിച്ചിരിക്കാൻ സാധ്യതയുണ്ട്. ഈ ഇനത്തിൽ 548700 രൂപയുടെ നഷ്ടം പൊതു ഖജനാവിന് ഉണ്ടായിട്ടുള്ളതായി ഓഡിറ്റിൽ കണക്കാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷൻ ID | പെൻഷണർ | വിലാസം | ബാങ്ക്/ DTH | പെൻഷണർ മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നം. | മരാണാനന്തരം അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | 103960100159 | ടി.ഇ.ജോസഫ് | 11/241, തടത്തേൽ, കന്നിടംകുഴി, നാരങ്ങാനം-689642 | Direct To Home | 08/06/2022 | 54/2022 20/06/2022 | തടഞ്ഞു വെച്ചിരിക്കുന്നു |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | 103960100330 | രത്നമ്മ | 1/36, വെട്ടിമൂട്ടിൽ വലിയകുളം നാരങ്ങാനം -689642 | Direct To Home | 5/07/2022 | 86/20222 17/08/2022 | തടഞ്ഞു വെച്ചിരിക്കുന്നു |
| 3 | 103960100337 | ശശി പി എം | 13/185, ഉണ്ടിയിൽ, നാരങ്ങാനം പി ഒ, പത്തനംതിട്ട - 689642 | SBI | 15/03/2022 | 31/2022 24/03/2022 | 14400 |
| 4 | 103960200002 | ചെല്ലമ്മ | 1/195, കാവുംകൽ വലിയകുളം, നാരങ്ങാനം-689642 | SBI | 13/02/2021 | 21/2021 19/03/2021 | 35000 |
| 5 | 103960200071 | തങ്കമ്മ | 3/279, കന്നംപുറത്ത്താഴേതിൽ മഠത്തുംപടി, നാരങ്ങാനം-689642 | SBI | 28/05/2022 | 52/2022 17/06/2022 | 14400 |
| 6 | 103960200083 | ഭവാനി | 1/334, കാവിനകരോട്ട്, നാരങ്ങാനം നോർത്ത്-689642 | SBI | 21/11/2021 | 134/2021 17/12/2021 | 20800 |
| 7 | 103960200165 | ദേവകിയമ്മ | 3/500, ബ്രാഹ്മണിയേത്ത്, നാരങ്ങാനം, കോഴഞ്ചേരി, -689642 | SBI | 18/09/2021 | 103/2021 11/10/2021 | തടഞ്ഞു വച്ചിരിക്കുന്നു |
| 8 | 103960200178 | ശ്രീധരൻപിള്ള | 3/335, പയ്യക്കോട്ടുകിഴക്കേതിൽ കോഴഞ്ചേരി, നാരങ്ങാനം-689642 | SBI | 11/12/2020 | 109/2020 21/12/2020 | 38000 |
| 9 | 103960200239 | ഭവാനി.പി.കെ | 13/370, ചരിവുപുരയിടത്തിൽ, കോഴഞ്ചേരി, നാരങ്ങാനം വെസ്റ്റ്-689642 | UCOB | 29/06/2020 | 60/2020 23/07/2020 | 47000 |
| 10 | 103960200389 | സാറാമ്മ യോഹന്നാൻ | 6/41, കോട്ടാരേത്ത്താഴെ, കല്ലേലി, കടമ്മനിട്ട-689649 | SBI | 14/01/2022 | 10/2022 28/01/2022 | 17600 |
| 11 | 103960200449 | തങ്കമ്മക്കുട്ടി | 7/426, കല്ലാനിക്കൽ, കടമ്മനിട്ട, കടമ്മനിട്ട-689649 | Direct To Home | 25/07/2022 | 85/2022 17/08/2022 | തടഞ്ഞുവച്ചിരിക്കുന്നു |
| 12 | 103960200472 | കമലാക്ഷിയമ്മ | 3/287, കൊച്ചുവീട്ടിൽ, നാരങ്ങാനം നോർത്ത്-689642 | Direct To Home | 19/07/2022 | 78/2022 02/08/2022 | തടഞ്ഞുവച്ചിരിക്കുന്നു |
| 13 | 103960200480 | ഉത്തമൻ നായർ.പി.എൻ | 3/363, പുന്നാട്ടേത്ത്, നാരങ്ങാനം-689642 | SBI | 16/11/2021 | 125/2021 01/12/2021 | 7800 |
| 14 | 103960200551 | ബാലൻ.ഒ.എൻ | 8/279, ഓലിച്ചിറയ്ക്കൽഅനവില്ല, വഴിത്താനം, കടമ്മനിട്ട-689649 | SBI | 28/12/2021 | 03/02/2022 12/2022 | 3200 |
| 15 | 103960200900 | സ്കറിയശാമുവേൽ | 4/397, മാവുങ്കൽ, ആലുങ്കൽ, നാരങ്ങാനം-689642 | SBI | 15/08/2021 | 99/2021 18/09/2021 | 25600 |
| 16 | 103960201011 | ചന്ദ്രമതി.കെ | 2/42 , രേവതിസദനം തറഭാഗം, കണമുക്ക്, നാരങ്ങാനം നോർത്ത്-689642 | SBI | 05/05/2020 | 50/2020 26/05/2020 | 22300 |
| 17 | 103960201018 | രാജേന്ദ്രൻ.എം.വി | 2/138, പള്ളത്തുശ്ശേരിൽ, തറഭാഗം, കണമുക്ക്, നാരങ്ങാനം നോർത്ത്-689642 | SBI | 13/03/2021 | 29/2021 31/03/2021 | 33500 |
| 18 | 103960201069 | പി.ആർ. അംബുജാക്ഷിയമ്മ | 9/412, പാറയ്ക്കാട്ട്, കടമ്മനിട്ട -689649 | SBI | 01/04/2022 | 35/2022 9/04/2022 | 12800 |
| 19 | 103960201082 | ശീമോൻശാമുവേൽ | 6/95, പരുത്തിയിൽ ചരിവുകാലായിൽ, കല്ലേലി, കടമ്മനിട്ട-689649 | SBI | 4/5/2021 | 66/2021 2/7/2021 | 8000 |
| 20 | 103960201115 | പൊന്നമ്മ കെ | 4/109, ജീരകതിനാൽ വീട് നാരങ്ങാനം പി. | SBI | 06/07/2022 | 70/2022 30/07/2022 | 8000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ഓ. പത്തനംതിട്ട, -689642 | | | | |
| 21 | 103960201125 | ഗോപാലൻ റ്റി കെ | 13/137, കണിയാംപതക് മുരുപ്പേൽ നാരങ്ങാനം വെസ്റ്റ് നാരങ്ങാനം, നാരങ്ങാനം വെസ്റ്റ്-689642 | SBI | 01/12/2021 | 132/2021 17/12/2021 | 19200 |
| 22 | 103960201156 | രാജേന്ദ്ര പണിക്കർ | 4/209, കിഴവറ മേലേതിൽ, കണമുക്ക്, നാരങ്ങാനം, നാരങ്ങാനം-689642 | SBI | 12/07/2020 | 63/2020 06/08/2020 | 11200 |
| 23 | 103960201196 | വി റ്റി തോമസ് | 5/38, വി റ്റി തോമസ്, വാഴയിൽ, അന്ത്യാളൻകാവ്-689649 | IOB | 15/12/2021 | 143/2021 30/12/2021 | 19200 |
| 24 | 103960201206 | സീ എസ് തോമസ് | 10/297, ചരിവുപുരയിടത്തിൽ നാരങ്ങാനം തോന്നിയാമല പത്തനംതിട്ട, -689642 | SBI | 26/06/2022 | 64/2022 12/07/2022 | 9600 |
| 25 | 103960201226 | സരസമ്മ ടി എൻ | 5/218, ചരിവുപുരയിടത്തിൽ, നാരങ്ങാനം നോർത്ത് പി ഓ,പത്തനംതിട്ട, -689642 | SBI | 30/01/2021 | 14/2021 22/02/2021 | 25300 |
| 26 | 103960201230 | മറിയാമ്മ വർഗീസ് | 7/10B, കൊട്ടയിൽ, കടമ്മനിട്ട പി ഓ, നാരങ്ങാനം, കടമ്മനിട്ട-689649 | FDRL | 08/04/2022 | 39/2022 23/04/2022 | 12800 |
| 27 | 103960201330 | രാജു എം ഡി | 1/246, മഞ്ഞപ്ര വീട്, നാരങ്ങാനം പി ഒ, -689642 | SBI | 26/09/2020 | 90/2020 30/10/2020 | 42100 |
| 28 | 103960201389 | ഏബ്രഹാം ജോർജ്ജ് | 6/10, തലക്കോട്ട് വീട് , കടമ്മനിട്ട-689649 | SBI | 28/09/2021 | 107/2021 22/10/2021 | 24000 |
| 29 | 103960201476 | ഐഷാ ബീവി | 12/45, തട്ടാപ്ലാക്കൽ, നാരങ്ങാനം പി ഒ, -689642 | Direct To Home | 21/07/2022 | 72/2022 01/08/2022 | തടഞ്ഞുവച്ചിരിക്കുന്നു |
| 30 | 103960201487 | സരോജിനിയമ്മ | 8/265, മാളിയേക്കൽ വീട്, കടമ്മനിട്ട പി ഒ, -689649 | UBI | 27/05/2020 | 53/2020 23/06/2020 | 6000 |
| 31 | 103960201677 | പി കെ ധനപാലൻ | 3/333 , കൊങ്ങാമല, നാരങ്ങാനം-689642 | SBI | 1/7/2022 | 62/2022 12/7/2022 | 8000 |
| 32 | 103960201693 | റ്റി വി രാജൻ നായർ | 1/48, ശക്തിവിലാസം, നാരങ്ങാനം വെസ്റ്റ് പി ഒ -689642 | SBI | 08/07/2022 | 16/07/2022 66/2022 | തടഞ്ഞുവച്ചിരിക്കുന്നു |
| 33 | 103960201931 | ചന്ദ്രമതി | 8/25, മുരുപ്പേൽതടത്തിൽ, കടമ്മനിട്ട പി.ഒ. - 689649 | FDRL | 14/4/2022 | 42/2022 6/5/2022 | 12800 |
| 34 | 103960202169 | ഓമന | 11/148 A , ചരിവുപുരയിടത്തിൽ, തോന്ന്യാമല-689668 | SBI | 03/01/2022 | 8/2022 24/01/2022 | 4800 |
| 35 | 103960400269 | ഉത്തമൻ നായർ | 2/308, കൊല്ലംപറമ്പിൽ, നാരങ്ങാനം നോർത്ത് പി ഓ, -689642 | SBI | 09/09/2020 | 77/2020 01/10/2020 | 21300 |
| 36 | 103960200068 | ജാനകിയമ്മ | 3/425, പുത്തൻപുരയിൽ പടിഞ്ഞാറ്റേതിൽ മാത്തുംപടി, നാരങ്ങാനം-689642 | SBI | 11/09/2021 | 943/2021 22/09/2021 | 24000 |
| | | | ആകെ | | | | 548700 |

സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും ടിയാളുടെ മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണ്. പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ

ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ.(എം.എസ്)നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. മരണപ്പെട്ടവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനായി ധനവകുപ്പ് നൽകിയിരുന്ന നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കാത്തതിനാലാണ് മേൽപറഞ്ഞ പ്രകാരമുള്ള സാമ്പത്തിക നഷ്ടം സർക്കാർ ഖജനാവിനുണ്ടായിട്ടുള്ളത്.

ടി ഗുണഭോക്താക്കളെ സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും ഒഴിവാക്കുന്നതിനും, ഇവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുള്ള തുകകൾ ഗുണഭോക്താക്കളുടെ അനന്തരാവകാശികളിൽനിന്നും തിരികെ പിടിക്കുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 പകൽ വീട് പദ്ധതി പാതി വഴിയിൽ

കടമ്മനിട്ട മാർക്കറ്റിൽ വയോജനങ്ങൾക്ക് വിശ്രമ കേന്ദ്രം നിർമ്മിക്കുന്നതിന് 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച കെട്ടിട നിർമ്മാണം നാളിതുവരെ പൂർത്തിയാക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. ഈ പദ്ധതിയ്ക്ക് നാളിതുവരെ ചുവടെ ചേർക്കും പ്രകാരം 457682 രൂപ ചെലവഴിച്ചിട്ടുണ്ട്.

| പ്രോ.നം. | പ്രോജക്ടിന്റെ പേര് | | വർഷം | വകയിരുത്തിയ തുക | ചെലവ് |
|---|---|---|---|---|---|
| 151 | കടമ്മനിട്ട മാർക്കറ്റിൽ വയോജന വിശ്രമകേന്ദ്രം സ്ഥാപിക്കൽ (പകൽ വീട്) | New | 2016-2017 | 300000 | 0 |
| 20 | കടമ്മനിട്ട മാർക്കറ്റിൽ വയോജന വിശ്രമകേന്ദ്രം സ്ഥാപിക്കൽ (പകൽ വീട്) | SO | 2017-2018 | 300000 | 0 |
| 152 | കടമ്മനിട്ട മാർക്കറ്റിൽ വയോജന വിശ്രമകേന്ദ്രം സ്ഥാപിക്കൽ (പകൽ വീട്) | SO | 2018-2019 | 300000 | 266873 |
| 148 | പകൽ വീട്- ശുചിമുറി നിർമ്മാണം | New | 2018-2019 | 75000 | |
| 236 | പകൽ വീട്- ശുചിമുറി നിർമ്മാണം | SO | 2019-2020 | 75000 | 74696 |
| 152 | പകൽ വീട് അടിസ്ഥാന സൗകര്യ വികസനം | New | 2020-2021 | 107000 | 0 |
| 159 | പകൽ വീട് അടിസ്ഥാന സൗകര്യ വികസനം | SO | 2021-2022 | 107000 | 0 |
| 55 | പകൽവീടിനു അടിസ്ഥാന സൗകര്യം ഒരുക്കൽ | New | 2021-2022 | 117927 | 116113 |
| | ആകെ | | | | 457682 |

വൃദ്ധർക്കുള്ള പ്രത്യേക ഘടക പദ്ധതി തുകയാണ് ഈ പദ്ധതിയ്ക്ക് വിനിയോഗിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി 2018-19-ൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കി. അടുത്ത വർഷം ശുചിമുറിയും നിർമ്മിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടം വൈദ്യുതീകരിക്കുകയോ, ഉപയോഗത്തിന് തുറന്ന് കൊടുക്കുകയോ ചെയ്തിട്ടില്ല. പകൽ വീടിന് അടിസ്ഥാന സൗകര്യ വികസനം എന്ന പേരിൽ പദ്ധതി പൂർത്തീകരണത്തിനായി 2021-22 വർഷം 107000രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയെങ്കിലും നടപ്പാക്കിയിട്ടില്ല. എന്നാൽ വൈദ്യുതീകരണം പൂർത്തിയാക്കാത്ത പകൽ വീടിന് ഫാനുകളും, ഫർണിച്ചറുകളും വാങ്ങുന്നതിന് 2021-22 വർഷം പ്രോജക്റ്റ് വെച്ച് 116113രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വാങ്ങിയ ഫാനുകൾ സ്ഥാപിക്കാതെ കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. വാങ്ങിയ ഫർണിച്ചറുകളും ഉപയോഗപ്പെടുത്തിയിട്ടില്ല. 2016-17-ൽ ആരംഭിച്ച പദ്ധതി ലക്ഷ്യം കാണാതെ അനന്തമായി നീണ്ടുപോകുകയാണ്. പദ്ധതിയ്ക്ക് നാളിതുവരെ ചെലവഴിച്ച 4.6 ലക്ഷം രൂപ പ്രയോജനരഹിതമായി മുടങ്ങികിടക്കുന്നു. പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്ത് അലംഭാവം ഉണ്ടായിട്ടുണ്ടെന്ന്

വ്യക്തമാണ്.

ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കെട്ടിട നിർമ്മാണത്തിൽ അപാകതയുണ്ടായിട്ടുള്ളതായും മേൽക്കൂരയുടെ ഒരു ഭാഗത്ത് ചോർച്ചയുള്ളതായും കണ്ടു. അതുപോലെതന്നെ ടോയ്‌ലറ്റിന്റെ ഭാഗത്ത് ഭിത്തിയിൽ വിള്ളൽ ഉണ്ട്.

2022-23വർഷം കെട്ടിടം വൈദ്യുതീകരിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടെന്നും, ടി പദ്ധതി നിർവ്വഹണം പൂർത്തീകരിച്ച് പകൽ വീട് പൊതു ജനങ്ങൾക്ക് പ്രയോജനകരമായ വിധം തുറന്ന് നൽകുന്നതാണെന്നും അധികൃതർ അറിയിച്ചു. നിർമ്മാണത്തിലുണ്ടായിട്ടുള്ള അപാകം പ്രവൃത്തി നടത്തിയ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പരിഹരിക്കുന്നതിനും, വൈദ്യുതീകരണം പൂർത്തിയാക്കി പകൽ വീട് ഉപയോഗത്തിന് തുറന്ന് കൊടുക്കുന്നതിനും പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 വൈദ്യുതീകരിക്കാത്ത പകൽവീടിന് വൈദ്യുതോപകരണങ്ങൾ വാങ്ങി

പ്രോജക്ട് - പകൽവീടിന് അടിസ്ഥാന സൗകര്യമൊരുക്കൽ (നം 55/21-22)

അടങ്കൽ - 117927 (വികസനഫണ്ട്)

ചെലവ് - 116113

ബിൽ നം - 365, 22/03/2022

വയോജനങ്ങൾക്ക് വിശ്രമത്തിനും മറ്റുമായി നിർമിച്ച പകൽവീടിന് അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് ആവിഷ്കരിച്ച ടി പ്രോജക്ടിന്റെ ഭാഗമായി 15500 രൂപ ചെലവഴിച്ച് പിട്ടാപ്പള്ളി ഏജൻസിയിൽ നിന്നും പെഡസ്റ്റിയൽ ഫാൻ (1), സീലിംഗ് ഫാൻ (2) വാട്ടർ പ്യൂരിഫയർ (1) ഇൻഡക്ഷൻ കുക്കർ (1) എന്നിവ വാങ്ങി സ്റ്റോക്കിൽ ചേർത്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ പകൽവീട് ഉദ്ഘാടനം കഴിഞ്ഞിട്ടില്ലാത്ത ഒരു സ്ഥാപനമാണെന്നും ആയത് വൈദ്യുതീകരിച്ചിട്ടില്ലെന്നും മേൽ സാധനങ്ങൾ ഉപയോഗിക്കാൻ കഴിയാതെ സൂക്ഷിച്ചിരിക്കുന്നുവെന്നും വ്യക്തമായി. വൈദ്യുതീകരണം ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങളൊരുക്കി പകൽവീട് പ്രവർത്തനം ആരംഭിക്കുന്നത് വരെ വൈദ്യുതോപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച 15500 രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 പൊതുടാപ്പുകളുടെ വെള്ളക്കരം; കുടിശ്ശിക പെരുകുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിലെ പൊതുടാപ്പുകളുടെ വെള്ളക്കരം പഞ്ചായത്ത് കൃത്യമായി ഒടുക്കുവരുത്തിയില്ല. 224 ടാപ്പുകൾക്ക് 102909 രൂപയാണ് വാട്ടർ അതോറിറ്റി പ്രതിമാസം ഡിമാന്റ് ചെയ്യുന്നത്. എന്നാൽ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക പൂർണ്ണമായും ഒടുക്കാതെ ഭാഗീകമായി മാത്രമാണ് പഞ്ചായത്ത് ഒടുക്കിയത്. റോഡിതര മെയിന്റനൻസ് ഗ്രാന്റാണ് വെള്ളക്കരം ഒടുക്കുന്നതിന് പഞ്ചായത്ത് വിനിയോഗിച്ചിട്ടുള്ളത്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പൊതു വാട്ടർ ടാപ്പുകളുടെ വാട്ടർ ചാർജ് കേരള വാട്ടർ അതോറിററി നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽതന്നെ നിശ്ചയമായും ഒടുക്കിയിരിക്കേണ്ടതും, ഈ ഇനത്തിൽ കുടിശിക ഉണ്ടാകാൻ പാടില്ലാത്തതുമാണ് (സ.ഉ.(സാധാരണ)നം.1683/2012/തസ്വഭവ, തീ.11.06.2012). പഞ്ചായത്ത് കുടിശികയാക്കിയ തുകയും അതിന്മേലുള്ള 2% പിഴപലിശയും ചേർന്ന് പഞ്ചായത്തിന്റെ ബാധ്യത ക്രമാനുഗതമായി വർദ്ധിച്ച് ഓഡിറ്റ് വർഷാന്ത്യത്തിൽ 544569 രൂപയായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം., തീ. | കുടിശ്ശിക | പിഴ പലിശ | തൻമാസ ഡിമാന്റ് | ആകെ ഡിമാന്റ് | ഒടുക്കിയ തുക | തുക ഒടുക്കിയതിന്റെ വിവരം |
|---|---|---|---|---|---|---|
| 51199/15.04.21 | 418357 | 8171 | 102909 | 529437 | 94738 | 1/ 30-04-2021 |
| 52125/12.05.21 | 529437 | 10425 | 102909 | 642771 | 95500 | 2/ 24-05-2021 |
| 52977/08.06.21 | 453033 | 8852 | 102909 | 564794 | 95500 | 21/ 09-06-2021 |
| 53699/05.07.21 | 469294 | 9209 | 102909 | 581412 | 95500 | 54/ 20-07-2021 |
| 54918/10.08.21 | 485912 | 9534 | 102909 | 598355 | 95500 | 81/ 13-09-2021 |
| 55636/07.09.21 | 598355 | 11776 | 102909 | 713040 | 95500 | 82/ 13-09-2021 |
| | 522040 | 10205 | 102909 | 635154 | 95500 | 150/ 22-10-2021 |
| 57327/05.11.21 | 539654 | 10589 | 102909 | 653152 | 95500 | 171/ 10-11-2021 |
| 58078/02.12.21 | 557652 | 10941 | 102909 | 671502 | 95500 | 193/ 01-12-2021 |
| 59115/04.01.22 | 576002 | 11301 | 102909 | 690212 | 95500 | 240/ 25-01-2022 |
| 59958/03.02.22 | 690212 | 13578 | 102909 | 806699 | 95500 | 266/ 10-02-2022 |

| | | | | | | |
|---|---|---|---|---|---|---|
| 60949/04.03.22 | 615699 | 12042 | 102909 | 730650 | 186081 | 362/ 18-03-2022 |
| പിഴ പലിശ | | 126623 | | | | |

(10/21-ലെ ബിൽ ഫയലിൽ ലഭ്യമാക്കിയിട്ടില്ല)

ഓഡിറ്റ് വർഷം കുടിശികയിന്മേലുള്ള പിഴ പലിശ ഇനത്തിൽ മാത്രം 126623 രൂപ വാട്ടർ അതോറിറ്റി പഞ്ചായത്തിനുമേൽ അധിക ബാധ്യത ചുമത്തി. ഇത് ഒഴിവാക്കാമായിരുന്നു.

കുടിവെള്ള ചാർജ്ജ് കൃത്യമായി അടവു വരുത്താതെ പഞ്ചായത്തിന് അധിക ബാധ്യത വരുത്തിവച്ചതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.39/13.12.22) അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടുണ്ടോയെന്ന അന്വേഷണത്തിനും മറുപടി ലഭിച്ചിട്ടില്ല.

വാട്ടർ അതോറിറ്റിയുടെ ആംനസ്റ്റി സ്കീമിൽപെടുത്തി പിഴപലിശ ഒഴിവാക്കി കുടിശിക തീർപ്പാക്കുന്നതിന് പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ ടാപ്പുകൾക്ക് മാത്രമായി വെള്ളക്കരം നിജപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് ഫലക്ഷമത കുറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നു

പശ്ചാത്തല മേഖലയിൽ പദ്ധതി നിർവ്വഹണത്തിന് ലഭ്യമായ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വെച്ച് കുറഞ്ഞ അടങ്കലുള്ളതും, ഫലക്ഷമത കുറഞ്ഞതുമായ പദ്ധതികളാണ് ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ളത്. തൻവർഷ പദ്ധതികളിൽ 73 ശതമാനവും 2 ലക്ഷം രൂപയിൽ കുറവ് അടങ്കലുള്ളവയായിരുന്നു. 5 ലക്ഷത്തിൽ അധികം അടങ്കലുള്ള രണ്ട് പ്രോജക്ട് മാത്രമാണുണ്ടായിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി അടങ്കൽ | പ്രോജക്ടുകളുടെ എണ്ണം |
|---|---|
| 50000< | 14 |
| 50000 - 99999 | 20 |
| 100000 - 199999 | 57 |
| 200000 - 299999 | 22 |
| 300000 - 500000 | 10 |
| 500000> | 2 |

ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന പദ്ധതി വിഹിതം അംഗങ്ങളുടെ എണ്ണത്തിനനുസരിച്ച് വീതിച്ചെടുത്ത് ഓരോ വാർഡിലും ആവശ്യമുണ്ടെങ്കിലും, ഇല്ലെങ്കിലും പദ്ധതികൾ ഏറ്റെടുക്കുന്നതാണ് ചെറിയ അടങ്കലുള്ള പ്രോജക്ടുകളുടെ എണ്ണം വർദ്ധിക്കുന്നതിന് കാരണമെന്നാണ് വ്യക്തമാകുന്നത്. ഗ്രാമസഭകളിൽ പങ്കാളിത്തം കുറവാണെന്നുമാത്രമല്ല, ഈ പദ്ധതികളുടെ ആവശ്യകതയെക്കുറിച്ച് പ്രസക്തമായ ചർച്ചകളും നടക്കുന്നില്ല. സമഗ്രമായ വികസനാവശ്യങ്ങൾക്കല്ലാതെ, വാർഡ് പ്രാതിനിധ്യത്തിന്റെ പേരിൽ മാത്രം പദ്ധതി പണം പങ്കിട്ട് എടുത്ത് പ്രോജക്ടുകൾ നടപ്പിലാക്കുന്നത് വികസന ആസൂത്രണമല്ല. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രോജക്ടുകളും, വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും (Thin Spread Of Resources) ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായാണ് ചെറിയ അടങ്കൽ തുകയുള്ള അസംഖ്യം പദ്ധതികൾ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്.

ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു. വാർഡ് വികസനമെന്ന സങ്കുചിത കാഴ്ചപ്പാടിൽനിന്നും പുറത്തു വന്ന് പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ ആവിഷ്കരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തയ്യാറാകേണ്ടതാണ്.

## 1-23 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നില്ല

2021-22 വർഷം 37 സ്പിൽ ഓവർ പദ്ധതികളും, 87 പുതിയ പ്രോജക്ടുകളും ഉൾപ്പടെ ആകെ 125 പ്രവൃത്തികളായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. സ്പിൽ ഓവർ പ്രോജക്ടുകളിൽ 9 എണ്ണവും, പുതിയ പ്രോജക്ടുകളിൽ 13 എണ്ണവും തൻവർഷം നിർവ്വഹണം പൂർത്തിയാക്കി ധനവിനിയോഗം നടത്തിയിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കാതെ വർഷാന്ത്യത്തിലേക്ക് വലിച്ചിഴക്കുന്നതായാണ് കണ്ടത്. ഏകവർഷ പദ്ധതികളായാണ് മരാമത്ത് പ്രവൃത്തികൾ വിഭാവനം ചെയ്തിരുന്നത്. ഏക

വർഷ പദ്ധതികൾ അതത് വർഷം തന്നെ നിർവ്വഹണം പൂർത്തിയാക്കി ഫണ്ട് ചെലവഴിക്കുന്നതിന് ഉദ്ദേശിച്ചുള്ളവയാണ്. പദ്ധതികളുടെ നിർവ്വഹണത്തിന് ഒരു കലണ്ടർ വർഷം പൂർണ്ണമായി ലഭിക്കുന്നതിനായാണ് വാർഷിക പദ്ധതിയ്ക്ക് വർഷാരംഭത്തിനു മുമ്പായി സർക്കാർ അംഗീകാരം നൽകുന്നത്. 2021-22 വർഷത്തെ വാർഷിക പദ്ധതിയ്ക്ക് വർഷാരംഭത്തിൽതന്നെ അംഗീകാരം ലഭിച്ചെങ്കിലും മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ 2022 ഫെബ്രുവരി മാസം വരെ നീണ്ടുപോയിട്ടുള്ളതായാണ് കണ്ടത്. തൻ വർഷം ടെണ്ടർ ചെയ്ത 27 മരാമത്ത് പ്രവൃത്തികൾക്ക് ഫെബ്രുവരി മാസമാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്.

മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ടവർ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. മെയിന്റൻസ് പ്രവൃത്തികൾ ഏപ്രിൽ - മേയ് മാസങ്ങളിൽ പൂർത്തീകരിക്കേണ്ട രീതിയിലും പുതിയ കെട്ടിട നിർമ്മാണ പ്രവർത്തികൾ ഏപ്രിലിൽ തന്നെ ഉടങ്ങേണ്ട രീതിയിലും ക്രമീകരിക്കുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്. തുടർന്ന് റോഡ് കോൺക്രീറ്റ്, പാർശ്വഭിത്തി, ടാറിംഗ് പ്രവൃത്തി എന്ന മുൻഗണനാക്രമം അനുവർത്തിക്കേണ്ടതാണ്. പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾ കാലാവസ്ഥ, പ്രവൃത്തിയുടെ സ്വഭാവം എന്നിവ കണക്കിലെടുത്ത് യഥാർത്ഥ്യബോധത്തോടെ ആവശ്യമായി പൂർത്തീകരണ സമയം അനുവദിക്കേണ്ടതും, ആയതിൽ കൂടുതൽ പൂർത്തീകരണ സമയം ആവശ്യമായ വരുന്ന ഘട്ടങ്ങളിൽ നിയമാനുസൃതമായി മാത്രം ദീർഘിപ്പിച്ച നൽകേണ്ടതുമാണ്. ആവശ്യമെങ്കിൽ ബഹുവർഷ പ്രോജക്ടുകളായി തയ്യാറാക്കി നിർവ്വഹണം നടത്തേണ്ടതാണ് (സർക്കുലർ നം.ഡി.ബി.1/10690/2020/സി.ഇ. /എൽ.ഐ.ഡി.&ഇ.ഡിബ്ല്യു.).

## 1-24 കാലി ബാരൽ വില ഈടാക്കിയില്ല; 9879 രൂപയുടെ നഷ്ടം

2021-22 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. അതിനാൽ കാലി ബാരലുകളുടെ വില കരാറുകാരനിൽനിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. ഈ ഇനത്തിൽ 9879രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഭാഗം 3 ഖണ്ഡിക 3-1 കാണുക.

## 1-25 അസി.എഞ്ചിനീയർ ഫയലുകളും, രേഖകളും യഥാവിധി സൂക്ഷിച്ചിട്ടില്ല

ഓഡിറ്റ് കാലയളവിലെ വർക്ക് ഫയലുകൾ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല. വർക്ക് ഫയലുകളിൽ ഒന്നിലും അംഗീകരിച്ച പ്രോജക്ട് സൂക്ഷിച്ചിരുന്നില്ല. കൂടാതെ പ്രവൃത്തികളുടെ അംഗീകരിച്ച എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, ലൊക്കേഷൻ സ്കെച്ച്, പ്ലാൻ, ടി.എസ്. സ്ലിപ്പ് മുതലായ രേഖകൾ ഭൂരിപക്ഷം ഫയലുകളിലും സൂക്ഷിച്ചിരുന്നില്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ബിൽ കോപ്പികളിലും, എം.ബുക്കുകളിലും മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് രേഖപ്പെടുത്തി അസി.എഞ്ചിനീയർ/അസി.എക്സി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണ കാലയളവ് സെലക്ഷൻ നോട്ടീസ്, എഗ്രിമെന്റ് എന്നിവയും ഉൾപ്പെടുത്തിയിട്ടില്ല.

ടെണ്ടർ രജിസ്റ്റർ നിശ്ചിത മാതൃകയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ടെണ്ടർ രജിസ്റ്ററിൽ ഇ.എം.ഡി., സെക്യൂരിറ്റി, അഡീഷണൽ പെർഫോർമൻസ് ഗ്യാരന്റി എന്നിവ ഈടാക്കിയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ടെണ്ടർ രജിസ്റ്ററിൽ കരാർ ഓപ്പൺ ചെയ്തപ്പോൾ സന്നിഹിതരായ കരാറുകാരുടെ കൈയ്യൊപ്പ് വാങ്ങിയിട്ടില്ല. അതുപോലെതന്നെ രജിസ്റ്ററിൽ ടെണ്ടർ അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനം, പ്രസിഡന്റിന്റെ സാക്ഷ്യപ്പെടുത്തൽ എന്നിവയും ഇല്ല. എഗ്രിമെന്റ് രജിസ്റ്ററും നിശ്ചിത മാതൃകയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. അഡീഷണൽ പെർഫോർമൻസ് ഗ്യാരന്റി ഈടാക്കിയതിന്റെ വിവരം, പ്രവൃത്തി പൂർത്തീകരണ തീയതി എന്നിവയും എഴുതിയിട്ടില്ല. എഗ്രിമെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

സെക്യൂരിറ്റി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രവൃത്തികളുടെ സംരക്ഷണ കാലയളവിന് (Defect Liability Period) ശേഷമാണോ സെക്യൂരിറ്റി തുക മടക്കി നൽകിയിട്ടുള്ളതെന്ന് പരിശോധിച്ച് നിശ്ചയം വരുത്തുന്നതിന് സാധിച്ചിട്ടില്ല.

രേഖകളും, രജിസ്റ്ററുകളും സൂക്ഷിക്കുന്നതിലുണ്ടായിട്ടുള്ള വീഴ്ച ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ഇ-ടെണ്ടർ ഫീസ് - അസിസ്റ്റന്റ് എഞ്ചിനീയർ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

ത്രിതല പഞ്ചായത്തുകളിൽ ഇ-ടെണ്ടർ സമ്പ്രദായം നടപ്പിലാക്കിയ വേളയിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കിയിരുന്നത് അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ഒരു ബാങ്ക് അക്കൗണ്ടിലേക്കായിരുന്നു. ഇപ്രകാരം നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റേതായി എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുള്ള ഇ-ടെണ്ടർ ഫീസ് തിരികെ വാങ്ങി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുള്ളതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.34/12.12.22) അസി.എഞ്ചിനീയർ

മറുപടി ലഭ്യമാക്കിയില്ല.

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ-യിൽ പ്രത്യേകം അക്കൗണ്ട് തുടങ്ങുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നു (17.08.2017-ലെ ഡി.ബി.1-7942/2010 /സി.ഇ./തസ്വഭവ നമ്പർ സർക്കുലർ). ഇ-ടെണ്ടർ ഇടപാടുകളുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കുന്നതിന് ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ച പ്രകാരം അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിൽ ബാങ്ക് പാസ്സ് ബുക്ക് ഹാജരാക്കുന്നതിനും അസി.എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതും പരിശോധനയ്ക്ക് ലഭിച്ചില്ല.

ഇ-ടെണ്ടർ ഫീസുമായി ബന്ധപ്പെട്ട മേൽ പറഞ്ഞ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-27 തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കാതെ തുക നൽകി

തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ കരാറെടുത്ത വ്യക്തിക്ക്, ചെയ്ത പ്രവൃത്തിയിലും അധികം തുക നൽകിയതായി ശ്രദ്ധയിൽപ്പെട്ടു. തെരുവുവിളക്കുകൾ വാങ്ങലും അറ്റകുറ്റപ്പണികളും നടത്തുന്നതിനായി 2021-22ൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ 53/2022 "തെരുവുവിളക്ക് മെയിന്റനൻസ്" എന്ന പ്രോജക്ടിലാണ് ഇപ്രകാരം അധികച്ചെലവുണ്ടായത്.

തെരുവുവിളക്ക് അറ്റകുറ്റപ്പണികൾക്കായി ക്വട്ടേഷൻ ക്ഷണിച്ചതിൽ, കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിരുന്ന പവർ ഇലക്ട്രിക്കൽസ്, നാരങ്ങാനം എന്ന സ്ഥാപനത്തിനാണ് അറ്റകുറ്റപ്പണികൾക്കുള്ള കരാർ നൽകിയത്. എൽ.ഇഡി ബൾബ് 79 രൂപ നിരക്കിലും 40W ട്യൂബ് ലൈറ്റ് 54.9 രൂപ നിരക്കിലും ലഭ്യമാക്കുന്നതിനും, എൽ.ഇഡി സ്ഥാപിക്കൽ 119 രൂപയ്ക്കും സിംഗിൾ ട്യൂബ് ലൈറ്റ് റിപ്പയറിംഗ് 220 രൂപ നിരക്കിലും ഡബിൾ ട്യൂബ് ലൈറ്റ് റിപ്പയറിംഗ് 320 രൂപ നിരക്കിലും നിർവ്വഹിക്കുന്നതിനുമാണ് ടി സ്ഥാപനം നിരക്ക് സമർപ്പിച്ചതും പഞ്ചായത്ത് അംഗീകരിച്ചതും.

സ്ഥാപനം ലഭ്യമാക്കിയ, 04.09.2021ലെ ബിൽ നം.01/21 പ്രകാരം എൽ.ഇഡി ബൾബ്, പെൻഡന്റ് ഹോൾഡർ, പി.വി.സി ഷേഡ് എന്നിവ 350 എണ്ണം വീതവും, 40W ട്യൂബ് ലൈറ്റ്, ചോക്ക്, സൈഡ് ഹോൾഡർ, സ്റ്റാർട്ടർ എന്നിവ 182 എണ്ണം വീതവും വാങ്ങിയതായി കാണിച്ചിട്ടുണ്ട്. ഇതിന്റെ വിലയായി 100882 രൂപ, സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ ഉപകരണങ്ങൾ ലഭ്യമാക്കിയത് പഞ്ചായത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരുംതന്നെ ഭൗതിക പരിശോധന നടത്തി ഉറപ്പുവരുത്തിയിട്ടില്ല.

463 എൽ.ഇ.ഡി ലൈറ്റുകളും 67 സിംഗിൾ ട്യൂബ് ലൈറ്റുകളും 11 ഡബിൾ ട്യൂബ് ലൈറ്റുകളും സ്ഥാപിച്ചിട്ടുള്ളതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 350 എൽ.ഇ.ഡി വിളക്കുകൾ വാങ്ങിയ സ്ഥാനത്ത് 463 എണ്ണം സ്ഥാപിച്ചത് എപ്രകാരമാണെന്നോ, 113 വിളക്കുകളുടെ തുക എപ്രകാരമാണ് നൽകിയിട്ടുള്ളതെന്നോ വ്യക്തമല്ല.

182 ട്യൂബ് ലൈറ്റ് വാങ്ങിയതിൽ 67 സിംഗിൾ സെറ്റും 11 ഡബിൾ സെറ്റും ഉൾപ്പെടെ 89 എണ്ണം (67+11x2) മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. അവശേഷിച്ച 93 ട്യൂബ് ലൈറ്റ്, ചോക്ക്, സൈഡ് ഹോൾഡർ, സ്റ്റാർട്ടർ എന്നിവ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുകയോ അതിന്റെ വിലയായി കരാറുകാരൻ കൈപ്പറ്റിയ തുക, പഞ്ചായത്തിൽ തിരികെ നൽകുകയോ ചെയ്തിട്ടില്ല. ഇവയുടെ വില (ബിൽ പ്രകാരമുള്ളത്) ചുവടെ ചേർക്കുന്നു.

| ഇനം | നിരക്ക് | എണ്ണം | ആകെ വില |
|---|---|---|---|
| ട്യൂബ് ലൈറ്റ് | 54.9 | 93 | 5105.7 |
| ചോക്ക് | 195 | 93 | 18135 |
| സൈഡ് ഹോൾഡർ | 6.5 | 93 | 604.5 |
| സ്റ്റാർട്ടർ | 14.9 | 93 | 1385.7 |
| ആകെ | | | 25230.9 |

തെരുവുവിളക്കുകളുടെ എണ്ണം, പോസ്റ്റ് നം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കൂടാതെ, മോണിറ്ററിംഗ് സമിതിയുടെ വിലയിരുത്തൽ ഉണ്ടായിട്ടില്ല. അതിനാൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയ പ്രവൃത്തിക്ക് സുതാര്യതയില്ല.

ഈ വിഷയം ഓഡിറ്റ് എൻക്വയറി (24/08.12.2022) മുഖേന നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. കരാറുകാരനിൽനിന്ന് തുക ഈടാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. ക്രമപ്രകാരമല്ലാതെ ചെലവഴിച്ച 25231 രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 മുഖം തിരിച്ച് പഞ്ചായത്തും, ജനങ്ങളും; ഹരിത കർമ്മ സേനയുടെ പ്രവർത്തനം മന്ദീഭവിച്ചു

പഞ്ചായത്തിലെ ഹരിത കർമ്മ സേനയുടെ പ്രവർത്തനം മന്ദീഭവിച്ച നിലയിലാണ്. കേരളത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പത്ത് മുതൽ 40 വരെ അംഗങ്ങളുള്ള ഒരു സംരംഭമാണ് ഹരിതകർമ്മ സേന. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം നിശ്ചയിക്കുന്ന യൂസർഫീ അനുസരിച്ച് വൃത്തിയാക്കിയ

അജൈവ മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫിൽ എത്തിക്കുകയാണ് ഇവരുടെ പ്രധാന ജോലി. വീടുകളിൽ നിന്നും അജൈവ മാലിന്യം കൃത്യമായ ഇടവേളകളിൽ സ്വീകരിച്ച് അവ മറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ എത്തിക്കുന്നു. ഇവിടെ നിന്നും മാലിന്യം തരംതിരിച്ച് റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ അയയ്ക്കുന്നു. തുടർന്ന് തരംതിരിച്ച മാലിന്യം പുനഃരുപയോഗം ചെയ്യാനുള്ള സംയോജനങ്ങൾ സാധ്യമാക്കുന്നു. ഇതാണ് ഹരിതകർമ്മ സേനയുടെ പ്രവർത്തനരീതി. ഇതിനായുള്ള സംവിധാനങ്ങൾ പഞ്ചായത്തിൽ ഒരുക്കിയിട്ടുണ്ട്. എല്ലാ വാർഡുകളിലും മിനി എം.സി.എഫ്-കളും, കടമ്മനിട്ട മാർക്കറ്റിൽ എം.സി.എഫും. പഞ്ചായത്ത് സ്ഥാപിച്ചു. എന്നാൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ എല്ലാ വാർഡുകളിലേക്കും വ്യാപിപ്പിക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. പഞ്ചായത്തിലെ 14 വാർഡുകൾ ഉള്ളതിൽ 7 വാർഡുകളിൽ (1, 2, 3, 4, 7, 9, 14) മാത്രമാണ് നിലവിൽ ഹരിതകർമ്മസേന കാര്യക്ഷമമായി പ്രവർത്തിക്കുന്നത്. മറ്റ് വാർഡുകളിലും ഹരിത കർമ്മ സേനാംഗങ്ങളെ നിയോഗിച്ചിരുന്നുവെങ്കിലും മതിയായ വേതനം ലഭിക്കാത്തതിനാൽ അവർ പ്രവർത്തനം നിർത്തുകയാണുണ്ടായത്. ജനങ്ങൾ ഹരിതകർമ്മ സേനാംഗങ്ങളുമായി സഹകരിക്കാത്തതും, യൂസർ ഫീസ് നൽകാൻ വിമുഖത കാണിക്കുന്നതുമാണ് പ്രശ്നം. ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെ നിസ്സഹകരണവും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെ പുറകോട്ടടിക്കുന്നതായി ഹരിത കർമ്മ സേനയുടെ ചുമതലക്കാർ പറയുന്നു.

ഓഡിറ്റ് നടത്തിയ പരിശോധനയിൽ ഹരിത കർമ്മ സേനാംഗങ്ങൾ വാർഡുകളിൽനിന്നും ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ മിനി എം.സി.എഫ്-കളിലും, കടമ്മനിട്ട മാർക്കറ്റിലെ പ്രധാന എം.സി.എഫ്-ലും കെട്ടി കിടക്കുന്നതായി കണ്ടു. മാലിന്യം തരംതിരിച്ച് റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിലേക്ക് അയയ്ക്കുന്ന പ്രക്രിയ സുഖമായി നടക്കാത്തതിനാലാണ് ഇപ്രകാരം മാലിന്യങ്ങൾ കുന്നുകൂടുന്നതെന്നാണ് മനസ്സിലാകുന്നത്. എം.സി.എഫ്-ന്റെ പ്രവർത്തനങ്ങൾ സുഖമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് വേണ്ടത്ര ഹരിത കർമ്മ സേനാംഗങ്ങളുടെ സേവനം ലഭിക്കുന്നില്ല. ഈ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സേനാംഗങ്ങൾക്ക് സ്ഥിരവും, മാന്യവുമായ വേതനം ലഭ്യമാകുന്നില്ലെന്നതാണ് പ്രധാന കാരണം. നിലവിൽ 3000 രൂപയിൽ കുറവാണ് ഹരിതകർമ്മ സേനാംഗത്തിന്റെ പ്രതിമാസ ശരാശരി വരുമാനം. അവർ ചെയ്യുന്ന ജോലിയ്ക്ക് മാന്യമായ വേതനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്തിന് കഴിയുന്നില്ല.

ചുരുക്കത്തിൽ പഞ്ചായത്തിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം സുസ്ഥിരമാക്കുന്നതിന് ഇതുവരെ സാധിച്ചിട്ടില്ല. ഇവരുടെ പ്രവർത്തനങ്ങൾ എല്ലാ വാർഡുകളിലേക്കും വ്യാപിപ്പിച്ച് സുസ്ഥിരമാക്കുന്നതിനും, ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാന്യമായ വേതനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

ഹരിത കർമ്മ സേനകളുടെ അജൈവ പാഴ്വസ്തു ശേഖരണ പ്രക്രിയ ഊർജ്ജിതമാക്കാനും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമവും കുറ്റമറ്റതാക്കാനും ഹരിതകേരളം മിഷന്റെയും ശുചിത്വ മിഷന്റെയും ആഭിമുഖ്യത്തിൽ ആവിഷ്കരിച്ചിട്ടുള്ള ഹരിതമിത്രം- സ്മാർട്ട് ഗാർബേജ് മൊബൈൽ ആപ്പ് പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. അതുപോലെതന്നെ തെറ്റായ രീതിയിൽ മാലിന്യ സംസ്ക്കരണം നടത്തുന്നവരുടെ വിവരം ശേഖരിക്കാനും ബോധവത്കരണം നടത്താനും ഹരിത കർമസേനയുടെ സേവനം പഞ്ചായത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.

## 1-29 സാമൂഹ്യസുരക്ഷാ പെൻഷൻ തുക തിരികെ ഒടുക്കിയത് തനത് ഫണ്ടിൽ

തനത് ഫണ്ട് വരവ് പരിശോധിച്ചതിൽ, സാമൂഹ്യസുരക്ഷാ പെൻഷൻ തുക തിരികെ ഒടുക്കിയത്, പഞ്ചായത്ത് തനതുഫണ്ടിൽ (67110137852) ക്രഡിറ്റായിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പാസ് ബുക്കിലെ തീയതി | പെൻഷനറുടെ പേര് | തുക |
|---|---|---|
| 21.12.2021 | നാരായണി | 4800 |
| 20.01.2022 | മറിയാമ്മ ജോർജ്ജ് | 3200 |
| 31.03.2022 | കരുണാകരൻ നായർ | 15900 |
| 06.09.2022 | വിജയൻ നായർ | 22400 |

ടി തുക സംസ്ഥാന സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ അക്കൗണ്ട് നം. 001101023000269 (IFSC KSBK0000101) ലേക്ക് തുക ഒടുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-30 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയില്ല

ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് - പ്രോജക്ട് നം. (8/2021-22)
അടങ്കൽ - 762550 (വികസനഫണ്ട് ) 200000 (ബ്ലോക്ക് വിഹിതം), 200000(ജില്ലാ പഞ്ചായത്ത് വിഹിതം) /ചെലവ് - 762550 (വികസനഫണ്ട്) 57050 (ബ്ലോക്ക് വിഹിതം)

1) മുഴുവൻ സ്കോളർഷിപ്പ് തുകയും ഭിന്നശേഷിക്കാരായ കുട്ടികൾക്ക് നൽകിയില്ല

ഭിന്നശേഷിക്കാരായ 36 കുട്ടികൾക്കാണ് സ്കോളർഷിപ്പ് തുക വിതരണം ചെയ്തിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്കോളർഷിപ്പും, ബത്തയും മറ്റ് അലവൻസുകളും ചേർന്ന് പ്രതിവർഷം 28500 രൂപയുടെ ആനുകൂല്യം ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ലഭിക്കേണ്ടതാണ്. എന്നാൽ ഇവർക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടില്ല. കാരണം അന്വേഷിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (12/06.12.2022) പ്രോജക്ടിൽ മതിയായ ഫണ്ട് വകയിരുത്താത്തതിനാലാണ് അർഹമായ നിരക്കിൽ ആനുകൂല്യം വിതരണം ചെയ്യാതിരുന്നതെന്നും, അടുത്ത സാമ്പത്തിക വർഷം ബാക്കി തുക കൂടി കുട്ടികൾക്ക് അനുവദിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

2) ഭിന്നശേഷിക്കാരായ കുട്ടികളുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ശിശു വനിതാ വികസന ഡയറക്ടറുടെ 22.10.21 ലെ സർക്കുലർ (ഫയൽ നം.DWCD *20038/* 2021-D2 ) പ്രകാരം സ്കോളർഷിപ്പ് ലഭിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളുടെ വിവരങ്ങൾ ചേർത്തുകൊണ്ടും സ്കോളർഷിപ്പ് നൽകുന്ന വിവരങ്ങൾ ചേർത്ത് കാലികമാക്കിയും രജിസ്റ്റർ സൂക്ഷിക്കുവാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ഇപ്രകാരമൊരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിരുന്നില്ല. ഭിന്നശേഷിക്കാരായ കുട്ടികളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കേണ്ടതും, അടുത്ത ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-31 മുട്ടക്കോഴി വളർത്തൽ (വനിത)-സബ്സിഡി ആനുകൂല്യം കുറവ്

പ്രോജക്റ്റ് നം. 41/21-22

അടങ്കൽ 240000

ചെലവ് 240000

200 ഗുണഭോക്താക്കളിൽ നിന്ന് 700 രൂപ വീതം പിരിച്ചെടുത്ത 140000 രൂപ ഗുണഭോക്തൃവിഹിതവും, വികസന ഫണ്ട് 100000 രൂപയും ചേർത്ത് 240000 രൂപ ചെലവഴിച്ച് 2000 കോഴികുഞ്ഞുങ്ങളെ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി മാർഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള 50% സബ്സിഡിയുടെ ആനുകൂല്യം ഓരോ ഗുണഭോക്താവിനും ലഭ്യമായില്ലെന്ന് വ്യക്തമാണ്.

## 1-32 തെങ്ങുംതൈ വിതരണം- ഗുണഭോക്തൃവിഹിതം ചെലവഴിച്ചില്ല.

പ്രോജക്റ്റ് - തെങ്ങുകൃഷി വികസനം (18/21-22)

അടങ്കൽ 100000 (വികസനഫണ്ട്), 63750 (ഗുണഭോക്തൃവിഹിതം)

ചെലവ് 100000 (വികസനഫണ്ട്)

പദ്ധതിയ്ക്കായി ആകെ 100000 രൂപ ചെലവഴിച്ചിട്ടുണ്ട്. ബിൽ 312/26.02.2022 പ്രകാരം 17500 രൂപ ചെലവഴിച്ചത് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും 175 തെങ്ങും തൈകൾ വാങ്ങി 47 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ ബിൽ (V-518A/21-22) പ്രകാരം 175 തെങ്ങും തൈകൾക്ക് 26250 രൂപയാണ്. ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതം 8750 രൂപ പിരിച്ച് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെങ്കിലും ആയത് 2021-22 ൽ തെങ്ങും തൈകൾ വാങ്ങുന്നതിന് ചെലവഴിച്ചിട്ടില്ല. തുക ടി സ്ഥാപനത്തിന് നൽകേണ്ടതും വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-33 ലൈഫ് ഭവന പദ്ധതി (എസ്.സി.) - മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താവ് പണി പൂർത്തിയാക്കില്ല

2021-22-ലെ വാർഷിക പദ്ധതിയിൽ പ്രോജക്റ്റ് നം. 40/21 പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്കുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താവായ ശ്രീ ശ്യാംകുമാർ, ആമപാറയ്ക്കൽ. കടമ്മനിട്ട എന്നയാൾ 24.02.2021-ൽ ഭവന നിർമ്മാണത്തിന് എഗ്രിമെന്റ് വെച്ച് 40000 രൂപ മുൻകൂർ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ മുൻകൂർ കൈപ്പറ്റിയശേഷം ടിയാൻ ഭവന നിർമ്മാണം നടത്തിയിട്ടില്ല. ടിയാൻ ഭവന നിർമ്മാണം നടത്തുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയോ, അല്ലാത്തപക്ഷം മുൻകൂർ കൈപ്പറ്റിയ തുക പിഴ പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുകയോ ചെയ്യേണ്ടതാണ്.

## 1-34 ബാലസഭ പ്രവർത്തനം - ബാലൻസ് തുക തിരിച്ചടയ്ക്കണം

ബാലസഭ പ്രവർത്തനങ്ങൾക്ക് 2020-21-ലെ വാർഷിക പദ്ധതിയിൽപ്പെടുത്തി പ്രോജക്റ്റ് നം.12/22 പ്രകാരം സി.ഡി.എസ്.അക്കൗണ്ടിലേക്ക് 50000 രൂപ വകമാറ്റിയിരുന്നു. ഈ തുക 2022 നവംബർ മാസം സംഘടിപ്പ ബാലസഭാ കുട്ടികളുടെ ചരിത്രാവബോധ പഠന യാത്രയ്ക്ക് ചെലവഴിച്ചു. പഠന യാത്രയ്ക്ക് 43403 രൂപയാണ് ചെലവായിട്ടുള്ളത്.

അവശേഷിച്ച 6597 രൂപ സി.ഡി.എസ്-ന്റെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതായി പരിശോധനയിൽ വ്യക്തമായി. വികസന ഫണ്ട് ഇനത്തിലുള്ള ഈ തുക ട്രഷറിയിൽ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗ രേഖ പ്രകാരം (സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ, തീയതി 14.02.18) ഉല്പാദനപരമായ പരിപാടികളായ ക്യാമ്പുകൾ, മേളകൾ, ഉല്ലാസ – പഠനയാത്രകൾ മുതലായ വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ പാടില്ല. ബാലസഭാ പ്രവർത്തനത്തിന് അനുവദിച്ച തുക പഠനയാത്രയ്ക്ക് ചെലവഴിച്ചത് ക്രമവിരുദ്ധമാണ്. ബാലസഭാ പരിപാടിയായ ബിൽഡിംഗ് റിസിലിൻസും, മറ്റ് ബാലസഭാ പരിപാടികൾ സംഘടിപ്പിക്കുന്നതിനുവേണ്ടി പദ്ധതി തുക ചെലവഴിക്കാൻ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 സർക്കാരിലേക്ക് ഒടുക്കാൻ അവശേഷിക്കുന്ന തുകകൾ

വാട്ടർ അതോറിറ്റിയിൽ നിക്ഷേപ പ്രവൃത്തികൾക്ക് ഒടുക്കിയ തുകകൾ ചെലവഴിച്ചതിന്റെ ബാക്കി തുകകൾ തിരികെ പഞ്ചായത്ത് തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തനതു ഫണ്ട് പാസ്ബുക്കിലെ തീയതി | ചെക്ക്/ ഡി.ഡി നം. | തുക | റിമാർക്സ് |
|---|---|---|---|
| 11.05.22 | 632418 | 67000 | വാട്ടർ അതോറിറ്റി (Unutilized Grant) |
| 07.06.22 | Ch 769284/13.05.22 | 225000 | വാട്ടർ അതോറിറ്റി (Unutilized Grant) |
| 18.12.2021 | DD226974/09.12.21 | 53237 | എക്സി.എൻജി.വാട്ടർ അതോറിറ്റി (Refund Of Advance) |
| 07.03.22 | Ch 227044/23.02.22 | 11742 | എക്സി.എൻജി (Unutilized And Excessive Grant) |
| 07.03.22 | Ch 227045/23.02.22 | 75723 | എക്സി.എൻജി (Unutilized And Excessive Grant) |

സർക്കാരിലേക്ക് ഒടുക്കുവരുത്തേണ്ട തുകകൾ തിരികെ ഒടുക്കേണ്ടതാണ്.

## 1-36 ചട്ടവിരുദ്ധമായി മരാമത്ത് പ്രവൃത്തിയുടെ ബിൽ തുക നൽകി

പ്രോജക്ട് നം. - S0194/22

കരാറുകാരൻ - ശ്രീ അജിമോൻ കെ.

എഗ്രിമെന്റ് നം. - 47/AE/LSGD/NGM/2021-22, 12.01.22

അടങ്കൽ - ₹450000

ചെലവ് - ₹449364

ട്രഷറി ബിൽ നം. - 66, 29/03/2022

2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പണി പൂർത്തിയാക്കിയ 13-ാം വാർഡിലെ ഞാലിപറമ്പിൽ കോട്ടപ്പാറ കക്കണ്ണി മുണ്ടക്കൽപടി റോഡ് പാർശ്വ ഭിത്തി നിർമ്മാണം എന്ന പ്രവൃത്തിയുടെ എം.ബുക്കിൽ രേഖപ്പെടുത്തിയ അളവുകൾ അസി.എക്സി.എഞ്ചിനീയർ ചെക്ക് മെഷർമെന്റ് എടുത്തിട്ടില്ല. കൂടാതെ പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കിയിട്ടുള്ളതും അസി.എക്സി.എഞ്ചിനീയർ പരിശോധിച്ച് മേലൊപ്പ് വെച്ചിട്ടില്ല.

റോഡ് മെയിന്റനൻസ് ഗ്രാന്റിൽനിന്നും 450000 രൂപ അടങ്കൽ വകയിരുത്തിയാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ശ്രീ അജിമോൻ കെ. എന്ന കരാറുകാരനാണ് പ്രവൃത്തി നടത്തിയത്. 12.01.2022-ൽ എഗ്രിമെന്റ് വെച്ച ഈ പ്രവൃത്തി കരാറുകാരൻ 16.03.2022-ൽ പൂർത്തിയാക്കി. ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 449364 രൂപയുടെ പ്രവൃത്തി നടത്തി (12% GST ഉൾപ്പടെ). നികുതികളും, തൊഴിലാളി ക്ഷേമനിധി വിഹിതവും കുറവ് ചെയ്ത് കരാറുകാരന് 433316 രൂപ പ്രതിഫലം നൽകി. ഈ പ്രവൃത്തിയുടെ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തിയത് അസി.എഞ്ചിനീയറാണ്. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 15(3) പ്രകാരം ഒരു അസി.എഞ്ചിനീയർ രേഖപ്പെടുത്തുന്ന അളവുകൾ ഒരു അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർമെന്റ് നടത്തേണ്ടതാണ്. ചട്ടപ്രകാരം ചെക്ക് മെഷർമെന്റ് എടുക്കാതെ ബിൽ തയ്യാറാക്കി കരാറുകാരന് തുക നൽകിയത് ക്രമവിരുദ്ധമാണ്.

അസി.എക്സി.എഞ്ചിനീയറുടെ മേലൊപ്പില്ലാത്ത ബില്ലിന്മേൽ തുക ചെലവഴിച്ചത് വീഴ്ചയായി സമ്മതിക്കുന്നതായും, തിരക്കിനിടയിൽ ഒപ്പിടാൻ വിട്ടുപോയതാണെന്നും പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ളതാണെന്നും ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/08.12.22)

അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കി.

ചട്ടവിരുദ്ധമായി ബിൽ തുക നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ എക്സി.എഞ്ചിനീയറുടെ തലത്തിൽ ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-37 മുൻവർഷങ്ങളിൽ പിരിച്ച ഗുണഭോക്തൃവിഹിതം ചെലവഴിച്ചില്ല

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ 2020-21, 2021-22സാമ്പത്തിക വർഷങ്ങളിൽ ശേഖരിച്ച ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിന്റെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവഴിക്കാത്ത ഗുണഭോക്തൃ വിഹിതം (രൂപ) | | |
|---|---|---|---|
| | 2019-20 | 2020-21 | 2021-22 |
| വെറ്ററിനറി സർജൻ | 46000 | 23500 | 11000 |
| കൃഷി ഓഫീസർ | 0 | 0 | 8750 |
| അസിസ്റ്റന്റ് സെക്രട്ടറി | 27196 | 18412 | 927 |
| ആകെ | 73196 | 41912 | 20677 |

ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തശേഷം യഥാസമയം ആനുകൂല്യം നൽകാതിരുന്നതിന്റെ കാരണം വ്യക്തമല്ല. ഏതെല്ലാം പ്രോജക്ടുകളുടെ ഗുണഭോക്തൃവിഹിതമാണ് ചെലവഴിക്കാതിരിക്കുന്നതെന്ന വിവരവും ലഭ്യമല്ല. ഈ വിഷയം സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി 12.12.2022ൽ ഓഡിറ്റ് എൻക്വയറി (നം.36) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിഹിതം അടച്ച ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാതിരുന്ന സാഹചര്യവും, ഗുണഭോക്തൃവിഹിതത്തിന്റെ സ്ഥാനത്ത് വികസന ഫണ്ട് ചെലവഴിച്ചിട്ടുണ്ടോ എന്ന വിവരവും പരിശോധിക്കേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-38 ഒരേ ആവശ്യത്തിന് ഒന്നിലധികം പ്രോജക്ടുകൾ

2021-22-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി ഒരേ ആവശ്യത്തിന് ഒന്നിലധികം പ്രോജക്ടുകൾ ആവിഷ്കരിച്ചിരിക്കുന്നതായി കണ്ടു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വിഷയം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | ചെലവഴിച്ച തുക |
|---|---|---|---|
| തെരുവുവിളക്കുകളുടെ പരിപാലനം | സെക്രട്ടറി | 50/2022 -വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ | 296058 |
| | | 53/2022 - തെരുവുവിളക്ക് മെയിന്റനൻസ് | 174659 |
| ആകെ ചെലവ് | | | 470717 |
| കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | സെക്രട്ടറി | 207/2022- അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 190067 |
| | | 277/2022- കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 39797 |
| | | 285/2022- ഗ്രാമപഞ്ചായത്തിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 142793 |

| | | | |
|---|---|---|---|
| ആകെ ചെലവ് | | | 372657 |
| ഫർണിച്ചർ വാങ്ങൽ | സെക്രട്ടറി | 288/2022- ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസ് ക്യാബിൻ ഫർണിച്ചർ വാങ്ങൽ | 298701 |
| | കൃഷി ഓഫീസർ | 283/2022- കൃഷി ഓഫീസിലേക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങൽ | 160000 |
| | ICDS സൂപ്പർവൈസർ | 55/2022- പകൽവീടിന് അടിസ്ഥാന സൗകര്യം ഒരുക്കൽ | 116113 |
| ആകെ ചെലവ് | | | 574814 |
| ധാതുലവണ മിശ്രിതം | വെറ്ററിനറി സർജൻ | 286/2022 – കന്നുകാലികൾക്ക് ധാതുലവണ മിശ്രിതം | 166920 |
| | | 26/2022 – കന്നുകാലികൾക്ക് ധാതുലവണ മിശ്രിതം (വനിത) | 132945 |
| ആകെ ചെലവ് | | | 299865 |

ഇപ്രകാരം ഒന്നിലധികം പ്രോജക്ടുകൾ ഒരേ ആവശ്യത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് പ്രോജക്ടുകളുടെ ബാഹുല്യത്തിനും അധികച്ചെലവിനും കാരണമാകുന്നു. ഉദാഹരണമായി ഫർണിച്ചർ വാങ്ങുന്നതിനായി ആവിഷ്കരിച്ച മൂന്ന് പ്രോജക്ടുകളുടെ ആകെ ചെലവ് 574814 രൂപയാണ്. ഒറ്റ പ്രോജക്ടായി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നെങ്കിൽ ഇ ടെണ്ടർ നടപടികൾ സ്വീകരിക്കാനും മത്സരാധിഷ്ഠിത ടെണ്ടറിലൂടെ കുറഞ്ഞ വിലയ്ക്ക് വാങ്ങൽ നടത്താനും സാധിക്കുമായിരുന്നു. കൂടാതെ, പദ്ധതി രൂപീകരണ മാർഗ്ഗരേഖ [ജി.ഒ.(എം.എസ്.) നം.11/2018/ തസ്വഭവ തീയതി 29.01.2018] ഖണ്ഡിക നം.3.5.1 (3) (iii) പ്രകാരം ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തേണ്ട പ്രോജക്ടാണ് ഫർണിച്ചർ വാങ്ങൽ. പ്രസ്തുത പ്രോജക്ട്, കൃഷി ഓഫീസർ, ICDS സൂപ്പർവൈസർ എന്നിവർ മുഖേന നിർവ്വഹണം നടത്തിയതും ശരിയല്ല. ഈ വിഷയം ഓഡിറ്റ് എൻക്വയറി (25/08.12.2022) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-39 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമല്ല

ഗ്രാമപ്പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതിനായി 2021-22ൽ 20 പ്രോജക്ടുകൾ ആവിഷ്കരിക്കുകയും അവയിൽ 13എണ്ണത്തിനു വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ചു

വാർഡ് അടിസ്ഥാനത്തിലല്ലാതെ തദ്ദേശഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി വിഭാവനം ചെയ്തുകൊണ്ടുള്ള വികസനതന്ത്രവും സമീപനവും സ്വീകരിക്കണമെന്ന് പദ്ധതി രൂപീകരണ മാർഗ്ഗരേഖ [ജി.ഒ.(എം.എസ്.) നം.11/2018/ തസ്വഭവ തീയതി 29.01.2018] ഖണ്ഡിക നം. 3.3.5 ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. ഇതുപ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശം ഒന്നായിക്കണ്ടുവേണം കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കേണ്ടത്. എന്നാൽ എല്ലാ വാർഡിലേക്കും തുക വിഭജിച്ച് പ്രോജക്ട് ആവിഷ്കരിച്ചതിനാൽ ഇവയിൽ ഒന്നുപോലും ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചില്ല. മിക്ക പ്രോജക്ടുകളുടെയും അടങ്കൽ 108357 രൂപയാണ്.

അപ്രായോഗിക പ്രോജക്ടുകൾ ആവിഷ്കരിച്ചു

മതിയായ ഫണ്ട് വകയിരുത്താതെ പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഉദാഹരണത്തിന് പ്രോജക്ട് നം.214, 215, 216, 217, 219 എന്നിവയുടെ അടങ്കൽ 21680 രൂപയാണ്. കുറഞ്ഞ അടങ്കലുള്ള ഈ പ്രോജക്ടുകൾ എല്ലാം നടപ്പിലാക്കാൻ പ്രായോഗികമായി ബുദ്ധിമുട്ടുള്ളതാണെന്ന പ്രാഥമിക ചിന്ത, പദ്ധതി രൂപീകരണ വേളയിൽ ഉണ്ടായിട്ടില്ല.

കുറഞ്ഞ ദൂരത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ചതിനാൽ പദ്ധതി ലക്ഷ്യം കണ്ടില്ല

തീരെക്കുറഞ്ഞ ദൂരം പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രവൃത്തിയുടെ പേര് | പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ദൂരം |
|---|---|---|

| | | |
|---|---|---|
| 102/22 | അന്ത്യാളൻ കാവ് - ഒലിക്കൽപ്പടി വഞ്ചിത്തറ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - വാർഡ് 6 | 66 മീറ്റർ |
| 109/22 | നിരന്നകാല - തേക്കിൻകാല പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - വാർഡ് 12 | 66 മീറ്റർ |

66മീറ്റർ ദൂരം മാത്രം പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിലൂടെ എപ്രകാരമാണ് ഒരു പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കപ്പെടുന്നതെന്ന് വ്യക്തമല്ല.

പൂർത്തീകരണ വിവരം ലഭ്യമല്ല

തുക നിക്ഷേപിച്ച പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം, തിരികെ ലഭിക്കാനുള്ള തുകയുടെ വിവരം എന്നിവ വാട്ടർ അതോറിറ്റിയിൽനിന്ന് വാങ്ങി സൂക്ഷിച്ചിട്ടില്ല.

മോണിറ്ററിംഗ് ഇല്ല

പദ്ധതിയുടെ പൂർത്തീകരണം, ഫലപ്രാപ്തി എന്നിവ സംബന്ധിച്ച് വർക്കിംഗ് കമ്മറ്റിയുടെ മോണിറ്ററിംഗ് നടന്നിട്ടില്ല.

പഞ്ചായത്ത് പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയല്ല പദ്ധതി രൂപീകരണം നടത്തിയതും തുക നിക്ഷേപിച്ചതും എന്ന് മേൽപ്പറഞ്ഞ ഉദാഹരണങ്ങളിൽനിന്ന് വ്യക്തമാണ്. ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനല്ല പഞ്ചായത്ത് പരിഗണന നൽകിയിട്ടുള്ളത്. വാർഡടിസ്ഥാനത്തിലുള്ള ഫണ്ട് വിഭജനം എന്ന സങ്കുചിത ചിന്ത, പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-40 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ വീഴ്ച

ഗ്രാമപഞ്ചായത്തിൽ അഗതി രഹിത കേരളം പദ്ധതി സമയ ബന്ധിതമായും ഫലപ്രദമായും ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളതായി കാണുന്നില്ല. 2017 നവംബർ മാസം നടത്തിയ സർവ്വെ അടിസ്ഥാനമാക്കി 190 ഗുണഭോക്തൃ കുടുംബങ്ങൾക്ക് വേണ്ട പരിചരണ സേവനങ്ങളുടെ പാക്കേജ് തയ്യാറാക്കി സംസ്ഥാന കുടുംബശ്രീ മിഷനിൽനിന്നും അംഗീകാരം വാങ്ങിയിട്ടുണ്ട് (No.KS/L/13100/2018, Dt.10.03.19). 1.46 കോടി രൂപ അടങ്കലുണ്ടായിരുന്ന കർമ്മ പദ്ധതി 2019-20 വർഷം ആരംഭിച്ച് 2021-22-ൽ പൂർത്തിയാക്കുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ കർമ്മ പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന പ്രകാരം അഗതി കുടുംബങ്ങൾക്കാവശ്യമായ സേവനങ്ങൾ നൽകുന്ന കാര്യത്തിൽ വലിയ വീഴ്ചയാണ് ഉണ്ടായിരിക്കുന്നത്. പദ്ധതി കാലയളവ് 2022 മാർച്ചിൽ അവസാനിച്ചെങ്കിലും 36.45 ലക്ഷം രൂപ മാത്രമാണ് പദ്ധതിയുടെ ഭാഗമായി ചെലവഴിച്ചിട്ടുള്ളത് (25%). ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സേവനങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം | വകയിരുത്തിയ തുക | സേവനം ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | ഭക്ഷണം | 190 | 4082400 | 190 | 3595234 | 88.07 |
| 2 | ചികിത്സ | 76 | 302400 | 0 | 0 | 0 |
| 3 | വസ്ത്രം | 0 | 0 | 0 | 0 | 0 |
| 4 | വീട് | | 6840000 | 0 | 0 | 0 |
| 5 | ഭൂമി | | 600000 | 0 | 0 | 0 |
| 6 | കുടിവെള്ളം | 42 | 255000 | 0 | 0 | 0 |
| | വിദ്യാഭ്യാസം | 21 | 56000 | 35 | 32070 | 57.27 |
| 7 | ശൗചാലയം | 36 | 456000 | | | 0 |
| 8 | വീട് പുനരുദ്ധാരണം | 31 | 1600000 | 1 | 50000 | 3.13 |
| 9 | വൈദ്യുതീകരണം | 14 | 120000 | 0 | 0 | 0 |
| 10 | തൊഴിൽ പരിശീലനം | 0 | 15000 | 0 | 0 | 0 |
| 11 | കൗൺസിലിംഗ് | 0 | 15000 | 0 | 0 | 0 |
| 12 | മെഡിക്കൽ ക്യാമ്പ് | 0 | 45000 | 0 | 0 | 0 |
| 13 | റിസർവ് ഫണ്ട് | 0 | 199999 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 14 | മറ്റ് ചെലവുകൾ | 0 | 16500 | 0 | 0 | 0 |
| | ആകെ | 190 | 14603299 | | 3677304 | 25.18 |

അംഗീകാരം ലഭിച്ച പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് പദ്ധതി കാലയളവിനുള്ളിൽ മുഴുവൻ സേവനവും ലഭ്യമാക്കുന്ന കാര്യത്തിൽ പഞ്ചായത്ത് ദയനീയമായി പരാജയപ്പെട്ടുവെന്ന് മേൽ കാണിച്ചിരിക്കുന്ന ധനകാര്യ വിശകലനത്തിൽനിന്നും വ്യക്തമാണ്. പദ്ധതി മോണിട്ടറിംഗിന് വിലയിരുത്തൽ സമിതി രൂപീകരിച്ചിരുന്നുവെങ്കിലും സമിതി നിശ്ചിത ഇടവേളകളിൽ യോഗം ചേരുകയോ, പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുകയോ ചെയ്തിരുന്നില്ല. മോണിട്ടറിംഗിന്റെ അഭാവവും, ഫണ്ടിന്റെ അപര്യാപ്തതയും പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിന് തടസ്സമായി. ഗുണഭോക്താക്കൾക്ക് മുഴുവൻ സേവനങ്ങളും ലഭ്യമാക്കാതിരുന്നത് വീഴ്ചയാണ്.

ആക്ഷൻ പ്ലാനിൽ പദ്ധതി വിഹിതമായി 10900100 രൂപയായിരുന്നു വകയിരുത്തിയിരുന്നത്. 1-ാം വർഷം 374700 രൂപയും, 2-ാം വർഷം 5248700രൂപയും, 3-ാം വർഷം 5276700 രൂപയും പ്ലാൻ ഫണ്ട് ഇനത്തിൽ വകയിരുത്തിയാണ് ആക്ഷൻ പ്ലാനിന് അംഗീകാരം വാങ്ങിയത്. എന്നാൽ 2021-22 വർഷാന്ത്യം വരെ പഞ്ചായത്ത് വകമാറ്റി നൽകിയാതാവട്ടെ കേവലം 7 ലക്ഷം രൂപ മാത്രമാണ്. പ്രതിവർഷം ശരാശരി 36.33 ലക്ഷം രൂപ പ്ലാൻ ഫണ്ട് ഇനത്തിൽ ചെലവഴിക്കാൻ ഉദ്ദേശിച്ച് പദ്ധതി ആവിഷ്കരിച്ചത് യാഥാർത്ഥ്യ ബോധത്തോടെയല്ല.

കൂടാതെ കർമ്മ പദ്ധതിയുടെ കാലയളവ് 2021-22വർഷം അവസാനിച്ചെങ്കിലും പദ്ധതി കാലയളവിൽ അനിവാര്യമായ നടത്തേണ്ടിയിരുന്ന റീവിസിറ്റ് നടത്തിയിട്ടില്ല. മാർഗ്ഗരേഖ പ്രകാരം ഒരോ സാമ്പത്തിക വർഷത്തിനും മുന്നോടിയായി പദ്ധതി പുന:പരിശോധനയ്ക്ക് വിധേയമാക്കേണ്ടതായിരുന്നു.

<u>ഭൂരഹിതർക്ക് LIFE പദ്ധതിൽ വീടും സ്ഥലവും അനുവദിച്ചില്ല</u>

സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങളും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെട്ടിട്ടുണ്ടെന്ന് കുടുംബശ്രീ ഉറപ്പുവരുത്തണമെന്നും ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ടി ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നല്കണം എന്നും മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്തിലെ അഗതി രഹിത കേരളം പദ്ധതിയിൽ ഭൂരഹിതരായ 16 ഗുണഭോക്താക്കളായിരുന്നു ഉണ്ടായിരുന്നത്. ഇവരിൽ ശ്രീമതി ചെല്ലമ്മ, വഴിതനത്ത്, കടമ്മനിട്ട (വാർഡ്/വീട് നം. 8/276), എന്നയാൾ ഒഴികെ മറ്റാർക്കും ലൈഫ് ഭവന പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടില്ല. ആനുകൂല്യം ലഭിക്കാത്തവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | വാർഡ് നം. വീട്ട് നം. | യിൽഡി.എഫ്.കെ. പദ്ധതി ഭൂമി വാങ്ങി നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോയെന്ന് |
|---|---|---|---|
| 1 | ശ്രീമതി ഉഷ, കാഞ്ഞിരത്തിൻ മൂട്ടിൽ, നാരങ്ങാനം | 3/81 | ഉണ്ട് |
| 2. | ശ്രീമതി പുഷ്പ കെ., കല്ലുകാലായിൽ, കടമ്മനിട്ട | 6/147 | ഉണ്ട് |
| 3. | ശ്രീമതി ശോശാമ്മ, തളവൻമുരുപ്പേൽ, നാരങ്ങാനം | 10/183 | ഉണ്ട് |
| 4. | ശ്രീമതി കൃഷ്ണമ്മാൾ, വള്ളിക്കാലായിൽ, നാരങ്ങാനം | 14/310 | ഇല്ല |
| 5 | ശ്രീമതി കെ.എൻ. തങ്കമ്മ | 3/326 | ഇല്ല |
| 6 | ശ്രീമതി ഗൗരിക്കുട്ടിയമ്മ, മേലേതിൽ, നാരങ്ങാനം | 3/3 | ഇല്ല |
| 7 | ശ്രീമതി ഏലിയാമ്മ തോമസ്, കുഴിക്കൽ, നാരങ്ങാനം | 1/42 | ഇല്ല |
| 8 | ശ്രീ രാധാകൃഷ്ണൻ, കല്ലാശാരിപറമ്പിൽ, നാരങ്ങാനം | 4/88 | ഇല്ല |
| 9 | ശ്രീ ബേബി എൻ.ജെ., നീർക്കുഴിയിൽ, നാരങ്ങാനം | 12/ | ഇല്ല |
| 10 | ശ്രീമതി മേരിക്കുട്ടി, പൂതക്കല്ലിൽ, നാരങ്ങാനം | 6/402 | ഇല്ല |
| 11 | ശ്രീമതി ഗൗരി, തേപ്പുകല്ലുങ്കൽ, നാരങ്ങാനം | 13/136 | ഇല്ല |
| 12 | ശ്രീമതി കൊച്ചുപെണ്ണ്, പറങ്കാംതോട്ടത്തിൽ, കടമ്മനിട്ട | 9/450 | ഇല്ല |
| 13 | ശ്രീമതി പുഷ്പ കെ., കല്ലുകാലായിൽ, കടമ്മനിട്ട | 6/147 | ഇല്ല |

| | | | |
|---|---|---|---|
| 14 | ശ്രീമതി പൊന്നമ്മ, ചെറുപാലക്കുഴിയിൽ, നാരങ്ങാനം | 10/215 | ഇല്ല |
| 15 | ശ്രീമതി കെ.എൻ. സരസമ്മ, കൊല്ലംപറമ്പിൽ, നാരങ്ങാനം | 2/350 | ഇല്ല |

ഭവന രഹിതർക്ക് LIFE-ൽ വീട് ലഭിച്ചില്ല

ഭവന രഹിതരും വീട് നിർമ്മിക്കുവാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തണമെന്നും ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ടി ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നൽകണമെന്നും അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരുന്നു. അഗതി രഹിത കേരളം കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന 18 പേർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കുന്നതിനായിരുന്നു വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഇവരിൽ 4 പേർ മാത്രമാണ് ലൈഫ് ഭവന പദ്ധതിയുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. ആർക്കും തന്നെ ഇതുവരെ വീട് ലഭിച്ചിട്ടില്ല. ഇവരിൽ ചിലർ വീടെന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടാതെ ഇതിനോടകം മരണപ്പെടുകയും ചെയ്തു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വിലാസം | വിഭാഗം | വാർഡ് നം., വീട്ട് നം. | റിമാർക്സ് |
|---|---|---|---|---|---|
| 1 | ശ്രീമതി കല്യാണി | പാറക്കുട്ടത്തിൽ, നാരങ്ങാനം | SC | 11, 322 | മരണപ്പെട്ടു |
| 2 | ശ്രീമതി പൊന്നമ്മ | കാരുമല, കടമ്മനിട്ട | OBC | 8, 240 | ലിസ്റ്റിൽ ഉണ്ട് |
| 3 | ശ്രീമതി പൊടിയമ്മ | തടത്തുകാലായിൽ, കടമ്മനിട്ട | SC | 10, 162 | |
| 4 | ശ്രീമതി വത്സല എ.കെ. | മട്ടുമേച്ചിൽ, നാരങ്ങാനം | SC | 10, 167 | |
| 5 | ശ്രീമതി ഭവാനി എൻ. | തീക്കുഴിയിൽ, കടമ്മനിട്ട | SC | 10, 98 | |
| 6 | ശ്രീമതി സുനുകുമാരി എം.സി. | പുന്നശ്ശേരിത്തറയിൽ, നാരങ്ങാനം | SC | 13, 192 | ലിസ്റ്റിൽ ഉണ്ട് |
| 7 | ശ്രീമതി അമ്മിണി | തെക്കേക്കര, നാരങ്ങാനം | OEC | 13, 149 | |
| 8 | ശ്രീമതി ഉഷ ശശി | തെക്കേക്കര, നാരങ്ങാനം | SC | 13, 143 | |
| 10 | ശ്രീ മോഹനൻ | പാറത്തോട്ടുങ്ങൽ, വയലത്തല | OBC | 5, 12 | ലിസ്റ്റിൽ ഉണ്ട് |
| 11 | ശ്രീമതി സിന്ധു റ്റി.സി. | വട്ടോൺ മേമുറിയിൽ, കടമ്മനിട്ട | General | 7, 301 | |
| 12 | ശ്രീമതി ഗൗരി | ചരുവിൽ അടിമുറിയിൽ | SC | 12, 404 | |
| 13 | ശ്രീമതി സരസമ്മ | ചരിവുപുരയിടം, നാരങ്ങാനം | OBC | 12, 406 | ലിസ്റ്റിൽ ഉണ്ട് |
| 14 | ശ്രീമതി സൂസമ്മ | പട്ടനോലിക്കൽ, നാരങ്ങാനം നോർത്ത് | General | 5, 321 | |
| 15 | ശ്രീമതി രതി റ്റി.കെ | മേട്ടുമേച്ചി താന്നിക്കൽ, നാരങ്ങാനം | SC | 10, 163 | |
| 16 | ശ്രീ കേശവൻ | മുളന്തറതടത്തിൽ, അന്ത്യാളൻകാവ്, കടമ്മനിട്ട | | 7, 222 | മരണപ്പെട്ടു |
| 17 | ശ്രീമതി തുളസി ഭായി | കിഴക്കേ വല്യത്ത് മേമുറി, കടമ്മനിട്ട | General | 7, 47 | |
| 18 | ശ്രീമതി സുമതി കെ. | മുളന്തറ ലക്ഷംവീട്, അന്ത്യാളൻകാവ്, കടമ്മനിട്ട | General | 7, 244 | മരണപ്പെട്ടു |

അഗതി രഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളിൽ ഭവന രഹിതരായവർക്ക് വീട് നൽകുന്നതിന് പഞ്ചായത്ത് പ്രഥമ പരിഗണന നൽകേണ്ടതാണ് . കൂടാതെ പഞ്ചായത്ത് വ്യക്തിഗത ആനുകൂല്യം വിതരണം ചെയ്യുന്നതിനുള്ള പ്രോജക്കുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ അഗതി കുടുംബങ്ങൾക്ക് പ്രഥമ പരിഗണന ലഭിക്കുന്നുവെന്ന് സി.ഡി.എസും, പഞ്ചായത്ത് ഭരണ സമിതിയും ഉറപ്പുവരുത്തേണ്ടതാണ് .

## 1-41 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

പൊതുമേഖലാ സ്ഥാപനങ്ങളിൽ തുക മുൻകൂർ നിക്ഷേപിച്ച് പ്രവൃത്തികൾ നടത്തുന്നതിനുള്ള പ്രോജക്കുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഇവയുടെ നിർവ്വഹണം പഞ്ചായത്ത് തലത്തിൽ നിരീക്ഷിക്കുന്നില്ല.

അതിനാൽ പ്രവൃത്തികൾ പൂർത്തീകരിച്ചതു സംബന്ധിച്ച വിശദാംശം പഞ്ചായത്തിൽ ലഭ്യമല്ല.

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾ നടത്തുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രോജക്ട് നം./ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്ക് |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 97/2022 - സാവിയോ സ്കൂൾ പടി - പുന്നോൺ പടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് - 1 | 105400 | 0 | 105400 | പ്രവൃത്തി പൂർത്തീകരിച്ചില്ല |
| | 98/2022- പുതുപറമ്പിൽ - പള്ളിപ്പടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് -2 | 104000 | 0 | 104000 | -ടി- |
| | 99/2022- കീരിപ്പാറ - ബ്രാഹമണിയേത്ത് പടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 104000 | 0 | 104000 | -ടി- |
| | 100/2022- മലയിൽഭാഗം - ജീരകത്തിനാൽ - പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് - 4 | 105000 | 0 | 105000 | -ടി- |
| | 101/2022- മാർത്തോമപള്ളി - കാരംവേലിപ്പടി പൈപ്പ് ലൈൻ ദീഘിപ്പിക്കൽ വാർഡ് -5 | 106000 | 0 | 106000 | -ടി- |
| | 102/2022- അന്ത്യാളൻകാവ് - ഒലിക്കൽ പടി വഞ്ചിത്തറ പൈപ്പ് ലൈൻ ദീഘിപ്പിക്കൽ - വർഡ് 6 | 108357 | 0 | 108357 | -ടി- |
| | 103/2022- കാര്യാലിമുരുപ്പേൽ - ചാരുംമൂട്ടിൽ പടി പൈപ്പ് ലൈൻ | 108357 | 0 | 108357 | -ടി- |

| | | | | | |
|---|---|---|---|---|---|
| | ദീർഘിപ്പിക്കൽ വാർഡ് -7 | | | | |
| | 104/2022- കല്ലൂർമുക്ക് -ഐപിസി ചാന്ത്കാവ് - വിളയിൽപീടിക പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് -8 | 108357 | 0 | 108357 | -ടി- |
| | 106/2022- കൃപാപുരം -തളവൻമുരുപ്പ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ 2-ാം ഘട്ടം വാർഡ് -10 | 1008000 | 0 | 1008000 | -ടി- |
| | 109/2022- നിരന്നകാല - തേക്കിൻകാല പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് -12 | 108300 | 0 | 108300 | -ടി- |
| | 112/2022- പൊയ്യാനിൽപടി -പുന്നശ്ശേരി പടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് -13 | 108300 | 0 | 108300 | -ടി- |
| | 114/2022- പഴൂർപടി - മോടിയിൽപടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് - 14 | 108357 | 0 | 108357 | -ടി- |
| | 218/2022- കടമ്മനിട്ട കാവുങ്കോട്ട് പടി കളയക്കാകുഴി പടി നട വഴിയിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (വാർഡ് 9) | 108357 | 0 | 108357 | -ടി- |
| KSEB | 43/2022- സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് 9 | 100000 | 100000 | 0 | |
| | 46/2022- സ്ട്രീറ്റ് ലൈൻ | 100000 | 100000 | 0 | |

| | | | | | |
|---|---|---|---|---|---|
| | ദീർഘിപ്പിക്കൽ വാർഡ് 6 | | | | |

പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി, കൃത്യമായ ഇടവേളകളിൽ മോണിട്ടറിംഗിന് വിധേയമാക്കുന്നില്ല. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഗ്രാമപ്പഞ്ചായത്തിലെ ഡെപ്പോസിറ്റ് പ്രവർത്തികളുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളായ കുടിവെള്ള, ഊർജ്ജ,ആരോഗ്യ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകളൊന്നും തന്നെ യോഗം ചേർന്നിട്ടുള്ളതായി കാണുന്നില്ല.

പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഡെപ്പോസിറ്റ് പ്രവൃത്തികൾ പ്രധാന പങ്ക് വഹിക്കുന്നു. അതിനാൽ ഇവയുടെ നിർവ്വഹണത്തിലെ പുരോഗതി നിരീക്ഷിക്കേണ്ടതും, പൂർത്തീകരണം മുഖേന ജനങ്ങൾക്ക് ഉപകാരപ്രദമാകുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കാലി ബാരൽ വില ഈടാക്കിയില്ല; 9879 രൂപയുടെ നഷ്ടം

താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ (കി.ഗ്രാം) | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന വില (238+18%GST) |
|---|---|---|---|---|
| 1 | പ്രോ.നം. - 92/22<br>കുഴികാലാപടി മുതൽ മോസ്കോപടി വഴി -അന്ത്യയാളങ്കാവ് പോസ്റ്റ് ഓഫീസ് റോഡ് റീ -ടാറിംഗും റീ-കോൺക്രീറ്റിംഗും വാർഡ് 7<br>കരാറുകാരൻ - ശ്രീ അജിമോൻ കെ.<br>കരാർ നം. - 38/AE/LSGD /NGM/2021-22 /29.09.21<br>ചെലവ് - 569075<br>ബിൽ നം. - 373, 22/03/2022 | VG30 – 3765 Kg.<br>RS1 – 343 Kg. | 26 | 6188+1114= 7302 |
| 2 | പ്രോ.നം. - 197/22 | VG30 – 1841 Kg. | 14 | 2184+393=2577 |

| | | | | |
|---|---|---|---|---|
| | അന്ത്യയാളങ്കാവ് കുരിശുമൂട് ഓലിക്കൽപ്പടി വാളാർകുഴി റോഡ് മെയിന്റനൻസ് വാർഡ് 6<br>കരാറുകാരൻ - ശ്രീ അജിമോൻ കെ.<br>കരാർ നം. - 48/AE/LSGD /NGM/2021-22, Dtd.12.01.22<br>ചെലവ് - 574788<br>ബിൽ നം. 472, 29/03/2022 | SS1 – 134 Kg.<br>RS1 - 168 Kg. | | |
| | ആകെ | | | 9879 |

കരാറുകാരനിൽനിന്നും ബാരൽ വില ഈടാക്കാതിരുന്നതിനാൽ മേൽ കാണിച്ചിരിക്കുന്ന പ്രകാരം 9879 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/07.12.2022) ബന്ധപ്പെട്ടവർ മറുപടി ലഭ്യമാക്കിയില്ല. കാലി ബാരൽ വില ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 9879 രൂപ ബന്ധപ്പെട്ട കരാറുകാരനിൽനിന്നോ, അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 100000 | സാന്ത്വന പരിചരണം | 150000 | 0 |
| ജില്ലാ പഞ്ചായത്ത് | 4406 | ടേക്ക് എ ബ്രേയക്ക് ടോയിലറ്റ് കോംപ്ലക്സ് നിർമ്മാണം | 4406 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 150000 | നെൽകൃഷി വികസനം | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | സാന്ത്വന പരിചരണം | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 95629 | കോവിഡ് പ്രതിരോധ പ്രവർത്തനം | 95629 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 880000 | ലൈഫ് ഭവനനിർമ്മാണം (പട്ടികജാതി) | 880000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 90000 | നിർമ്മൽ ഗ്രാമം | 90000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 57050 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 57050 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 43247 | അങ്കണവാടി പോഷകാഹാര പദ്ധതി | 43247 | 0 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 46522 | ടേക്ക് എ ബ്രേയക്ക് ടോയിലറ്റ് കോംപ്ലക്സ് നിർമ്മാണം - വൈദ്യുതീകരണവും ബാലൻസ് പ്രവർത്തിയും | 46522 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 350000 | പാലിന് സബ്ഡിഡി | 350000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| ക്രമ നം. | നിർവഹണ ഏജൻസി | പ്രോജക്ട് നം./ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്ക് |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | 97/2022- സാവിയോ സ്കൂൾ പടി – പുന്നോൺ പടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് – 1 | 105400 | 0 | 105400 | പ്രവൃത്തി പൂർത്തീകരിച്ചില്ല |
| 2 | | 98/2022- പുതുപറമ്പിൽ - പള്ളിപ്പടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് -2 | 104000 | 0 | 104000 | -ടി- |
| 3 | | 99/2022- കീരിപ്പാറ - ബ്രാഹമണിയേത്ത് പടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 104000 | 0 | 104000 | -ടി- |
| 4 | | 100/2022- മലയിൽഭാഗം - ജീരകത്തിനാൽ - പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് - 4 | 105000 | 0 | 105000 | ടി |
| 5 | കേരള വാട്ടർ അതോറിറ്റി | 101/2022- മാർത്തോമപള്ളി - കാരംവേലിപ്പടി പൈപ്പ് ലൈൻ ദീഘിപ്പിക്കൽ വാർഡ് -5 | 106000 | 0 | 106000 | -ടി- |
| 6 | | 102/2022- അന്ത്യാളൻകാവ് - ഒലിക്കൽ പടി വഞ്ചിത്തറ പൈപ്പ് ലൈൻ ദീഘിപ്പിക്കൽ - | 108357 | 0 | 108357 | -ടി- |

| | | | | | | |
|---|---|---|---|---|---|---|
| | | വർഡ് 6 | | | | |
| 7 | | 103/2022- കാര്യാലിമുരുപ്പേൽ - ചാരുംമൂട്ടിൽ പടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് -7 | 108357 | 0 | 108357 | -ടി- |
| 8 | | 104/2022- കല്ലൂർമുക്ക് -ഐപിസി ചാന്ത്കാവ് - വിളയിൽപീടിക പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് -8 | 108357 | 0 | 108357 | -ടി- |
| 9 | | 106/2022- കൃപാപുരം -തളവൻമുരുപ്പ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ 2-ാം ഘട്ടം വാർഡ് -10 | 1008000 | 0 | 1008000 | -ടി- |
| 10 | | 109/2022- നിരന്നകാല - തേക്കിൻകാല പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് -12 | 108300 | 0 | 108300 | -ടി- |
| 11 | | 112/2022- പൊയ്യാനിൽപടി -പുന്നശ്ശേരി പടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് -13 | 108300 | 0 | 108300 | -ടി- |
| 12 | | 114/2022- പഴൂർപടി - മോടിയിൽപടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് - 14 | 108357 | 0 | 108357 | -ടി- |
| 13 | | 218/2022- കടമ്മനിട്ട കാവുങ്കോട്ട് പടി കളയക്കാകുഴി പടി നട വഴിയിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (വാർഡ് 9) | 108357 | 0 | 108357 | -ടി- |

| | | | | | | |
|---|---|---|---|---|---|---|
| 14 | | 43/2022- സ്ലീറ്റ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് 9 | 100000 | 100000 | 0 | |
| 15 | KSEB | 46/2022- സ്ലീറ്റ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് 6 | 100000 | 100000 | 0 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| KURDFC ലൈഫ് | 5605631 | 4725631 | 704000 | 0 | 4021631 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 73757690 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 61230485 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 9820 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 15500 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3 (1) | 9820 | ശ്രീ.ജലീം എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1 – 20 | 15500 | ശ്രീമതി ജിൻസി ബാബു, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1 – 29 | 25231 | ശ്രീമതി രഞ്ജിമ റ്റി., സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജലീം എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | ഷാമിനാ മൻസിൽ, പാപ്പനംകോട്, പനങ്ങോട് പി.ഒ., തിരുവനന്തപുരം. |
| ശ്രീമതി ജിൻസി ബാബു, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐസിഡിഎസ് സൂപ്പർവൈസർ, നാരങ്ങാനം ഗ്രാമപ്പഞ്ചായത്ത് | കോട്ടയിൽ വീട്, മേലേ വെട്ടിപ്പുറം, പത്തനംതിട്ട – 689645 |

## 4-10 ഓഡിറ്റ് റിപ്പോർട്ടുകളിലെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നമ്പർ/തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97(വരവ്) | എൽ.എഫ്.പി.റ്റി.എ-പി 11 /352/2008 തീയതി 29-04-2009 | മുഴുവൻ ഖണ്ഡികകളും (2021-22 അദാലത്തിൽ ഹാജരാക്കിയില്ല) |
| 1996-97(ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/9/1998 തീയതി 09-10-2000/27-02-2001 | 2 (2021-22 അദാലത്തിൽ ഹാജരാക്കിയില്ല) |
| 1997-98 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി 3/316/1999 തീയതി 10-01-2000 | 5 (2021-22 അദാലത്തിൽ ഹാജരാക്കിയില്ല) |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/473/1998 തീയതി 04-02-1999 | 3 (2021-22 അദാലത്തിൽ ഹാജരാക്കിയില്ല) |
| 1999-00 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 11/460/2009 തീയതി 16-03-2010 | 1 (2021-22 അദാലത്തിൽ ഹാജരാക്കിയില്ല) |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി3/353/2002 തീയതി 13-11-2002 | 17 (2021-22 അദാലത്തിൽ ഹാജരാക്കിയില്ല) |
| 2005-06 | എൽ.എഫ്.പി.റ്റി.എ- | 1 (3-3) |

| | | |
|---|---|---|
| | പി.11/116/2009<br>തീയതി 18.11.2009 | |
| 2006-07 | എൽ.എഫ്.പി.റ്റി.എ-<br>പി.6/231/12 തീയതി<br>15.05.12/02.12.13 | സാങ്കേതിക/ഭരണവകുപ്പിന്<br>ശിപാർശ ചെയ്തവ –<br>3 (3-5, 3-9, 3-11) |
| 2007-08 | എൽ.എഫ്.പി.റ്റി.എ-<br>പി6/232/12<br>തീയതി 14.05.2012 | 2 ( 3-9, 3-6)<br>സാങ്കേതിക/ഭരണവകുപ്പിന്<br>ശിപാർശ ചെയ്തവ |
| 2008-09 | എൽ.എഫ്.പി.റ്റി.എ-<br>പി6/234/12<br>തീയതി 14.05.2012 | 1 (3-4 (2))<br>സാങ്കേതിക/ഭരണവകുപ്പിന്<br>ശിപാർശ ചെയ്തവ |
| 2009-10 | എൽ.എഫ്.പി.റ്റി.എ-<br>പി6/235/12<br>തീയതി 26.05.2012 | സാങ്കേതിക/ഭരണവകുപ്പിന്<br>ശിപാർശ ചെയ്തവ-<br>5 (3-1 (1), 3-1(2), 3-2, 3-4, 3-7) |
| 2010-11 &<br>2011-12 | എൽ.എഫ്.പി.റ്റി.എ-പി<br>12/967/2013<br>തീയതി 17-01-2014 | 1 (3-9(3),<br>സാങ്കേതിക/ഭരണവകുപ്പിന്<br>ശിപാർശ ചെയ്തവ -<br>14 (2-1, 2-2, 2-4 (2), 3-2, 3-3, 3-4, 3-6, 3-9(1), 3-9 (2),3-9 (4), 3-10 (A, B,c), 3-17(1, 2), 3-18 (1, 2), 3-19) |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി<br>5/116/15<br>തീയതി 04.05.15 | സാങ്കേതിക/ഭരണവകുപ്പിന്<br>ശിപാർശ ചെയ്തവ-<br>4 (2-2, 3-1(1), 3-9, 3-11) |
| 2013-14 & 14-15 | എൽ.എഫ്.പി.റ്റി.എ-പി<br>12/310/16, 22.03.16 | സാങ്കേതിക/ഭരണവകുപ്പിന്<br>ശിപാർശ ചെയ്തവ-<br>7 (2-1, 2-6, 3-1, 3-2, 3-3(2), 3-9,<br>3-11) |
| 2015-16 | എൽ.എഫ്.പി.റ്റി.എ-പി<br>12/1453/16 , 20.01.2015 | 14 (2-1, 2-2, 2-3, 2-4, 3-3, 3-5, 3-6, 3-8, 3-9, 3-12, 3-13, 3-14, 3-20, 3-21)<br>സാങ്കേതിക/ഭരണവകുപ്പിന്<br>ശിപാർശ ചെയ്തവ |
| 2016-17 | കെ.എസ്.എ.പി.റ്റി.എ<br>പി3/815/2017<br>തീയതി. 18.07.2017 | 7 (2-5, 3-3, 3-4, 3-6, 3-9, 3-12,<br>3-13), സാങ്കേതിക/ഭരണവകുപ്പിന്<br>ശിപാർശ ചെയ്തവ- 1 (4-1) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ<br>പി5/1376/2018<br>തീയതി.24.10.2018 | 9 (2-1(1), 2-3, 2-4, 3-5, 3-9, 3-10,<br>3-11, 3-12, 3-21) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ<br>പി5/1004/2019<br>തീയതി.07.01.2020 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.പി.റ്റി.എ പി5 –<br>605/2021<br>തീയതി 29.09.2021 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി 5 -<br>606/2021<br>തീയതി 29.09.2021 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്